بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 5

ലക്കം 11

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഫെബ്രുവരി മാർച്ച് 12 ഹി.ശം. 1399 അമാൻ 12/1441 റജബ് 16

## അല്ലാഹുവിന്റെ വചനം

وَلَا یَحۡسَبَنَّ الَّذِیۡنَ کَفَرُوۡۤا اَنَّمَا نُمۡلِیۡ لَہُمۡ خَیۡرٌ لِّاَنۡفُسِہِمۡ ؕ اِنَّمَا نُمۡلِیۡ لَہُمۡ لِیَزۡدَادُوۡۤا اِثۡمًا ۚ وَلَہُمۡ عَذَابٌ مُّہِیۡنٌ ۝

അവിശ്വസിച്ചവർക്ക് നാം അവധി നീട്ടികൊടുക്കുന്നത് അവർക്ക് ഗുണകരമാണെന്ന് അവർ ധരിക്കേണ്ട. നാം അവർക്ക് അവധിനീട്ടിക്കൊടുക്കുന്നതിന്റെ ഫലമായി അവരുടെ പാപങ്ങൾ വർധിച്ചുകൊണ്ടുപോകുക മാത്രമാണ് ചെയ്യുന്നത്. അവർക്ക് അപമാനകരമായ ശിക്ഷ ഉണ്ടാകുന്നതുമാണ്. (3:179)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**തന്റെ ദുഃസ്വഭാവങ്ങളിൽനിന്ന് മാറ്റം ആഗ്രഹിക്കുന്നവന് സത്യഹൃദയത്തോടും ഉറച്ച തീരുമാനത്തോടുംകൂടി പശ്ചാത്തപിച്ചുമടങ്ങേണ്ടത് നിർബന്ധമാണ്. നമ്മുടെ ജമാഅത്തിൽ അതിബലവാന്റേയും ഫൈൽവാന്റേയും ശക്തി ഉൾക്കൊള്ളുന്നവനല്ല ആവശ്യം. പ്രത്യുത സ്വഭാവമാറ്റങ്ങൾക്കുവേണ്ടി പരിശ്രമിക്കുന്ന ശക്തവാനെയാണ് ആവശ്യം.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### പശ്ചാത്താപത്തിനുള്ള മൂന്ന് നിബന്ധന

തൗബ അഥവാ പശ്ചാത്താപം സൽസ്വഭാവങ്ങൾകരസ്ഥമാക്കുന്നതിന് വലിയ ചാലകശക്തിയും സഹായിയും മനുഷ്യനെ സമ്പൂർണനാക്കുന്നതുമാണ്. അതായത് തന്റെ ദുഃസ്വഭാവങ്ങളിൽനിന്ന് മാറ്റം ആഗ്രഹിക്കുന്നവന് സത്യഹൃദയത്തോടും ഉറച്ച തീരുമാനത്തോടുംകൂടി പശ്ചാത്തപിച്ചുമടങ്ങേണ്ടത് നിർബന്ധമാണ്. പശ്ചാത്താപത്തിന് മൂന്ന് നിബന്ധന ഉണ്ടെന്ന കാര്യവും ഓർക്കേണ്ടതാണ്. ഇതുകൂടാതെ തൗബത്തുന്നുസ്വൂഹ് (നിഷ്കളങ്കമായ മാനസാന്തരം)എന്നു പറയുന്ന സത്യമായ പശ്ചാത്താപത്തിന്റെ സമ്പൂർണത കരസ്ഥമാക്കാൻ സാധിക്കുകയില്ല!

ഈ മൂന്ന് നിബന്ധനയിൽ ഒന്നിന് അറബി ഭാഷയിൽ 'ഇഖ്ലാഅ്' എന്നാണ് പറയുന്നത്. അതായത് ഈ ദുസ്വഭാവങ്ങൾക്ക് ചാലകശക്തിയായിട്ടുള്ള എല്ലാ ദുഷ്ചിന്താഗതികളും അകറ്റുക. വാസ്തവമെന്താണെന്നാൽ ഭാവനകൾക്ക് വമ്പിച്ച സ്വാധീനമാണുള്ളത്. കർമരംഗത്തു വരുന്നതിനു മുമ്പേ എല്ലാ ഓരോ കർമവും ഒരു സങ്കല്പരൂപം ഉൾക്കൊള്ളുന്നു. അതിനാൽ തൗബ ചെയ്യുന്നതിനുള്ള ആദ്യത്തെ നിബന്ധന ദുഷ്ചിന്താഗതികളുടെ ദുർഭാവനകൾ ഉപേക്ഷിക്കുക എന്നതാണ്. ഉദാഹരണത്തിന് ഒരാൾക്ക് ഏതെങ്കിലും സ്ത്രീയുമായി അവിഹിതബന്ധമുണ്ട്. അത്തരം ആൾ തൗബ ചെയ്യുന്നതിന് അവളുടെ രൂപം വൃത്തികെട്ടതാണെന്ന് സങ്കല്പിക്കേണ്ടത് നിർബന്ധമാണ്. അവളുടെ എല്ലാ ചീത്തസ്വഭാവങ്ങളും തന്റെ മനസ്സിൽ കൊണ്ടുവരിക. കാരണം ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഭാവനകളുടെ സ്വാധീനം വളരെ ഉഗ്രമാണ്. ഞാൻ സൂഫീവര്യന്മാരുടെ ചർച്ചകളിൽ വായിച്ചിട്ടുണ്ട്, അവർ തങ്ങളുടെ ഭാവനകളെ എത്രത്തോളം എത്തിച്ചിരുന്നുവെന്നാൽ മനുഷ്യനെ കുരങ്ങിന്റേയും പന്നികളുടേയും രൂപത്തിൽ കണ്ടു. ചുരുക്കിപ്പറഞ്ഞാൽ ഒരുവൻ എങ്ങനെയാണോ സങ്കല്പിക്കുന്നത് അങ്ങനെ തന്നെയാണ് നിറംപിടിക്കുന്നതും. അതിനാൽ, ദുഷ്ചിന്താഗതികൾക്ക് നിമിത്തമായി മനസ്സിലാക്കുന്നതെല്ലാം ഉന്മൂലനം ചെയ്യുക. ഇതാണ് ആദ്യ നിബന്ധന.

രണ്ടാമത്തെ നിബന്ധന 'നദം' ആകുന്നു. അതായത് താൻ ചെയ്തുപോയ കുറ്റത്തെക്കുറിച്ചുള്ള ദുഃഖവും ലജ്ജയും പ്രകടിപ്പിക്കുക. എല്ലാ ഓരോ മനുഷ്യന്റേയും ബോധമണ്ഡലം എല്ലാ തിന്മകളെ കുറിച്ചും മുന്നറിയിപ്പ് നല്കുന്ന ഒരു ശക്തി ഉൾക്കൊള്ളുന്നുണ്ട്. എന്നാൽ, ദൗർഭാഗ്യവാനായ മനുഷ്യൻ അതിനെ അലക്ഷ്യമായി വിട്ടുകളയുന്നു. അതിനാൽ പാപവും തിന്മയും ഉണ്ടായാൽ ലജ്ജ പ്രകടിപ്പിക്കുക. ഈ ആസ്വാദനങ്ങൾ താൽക്കാലികമാണെന്നും കുറച്ചു ദിവസത്തേക്കുള്ളതാണെന്നും വിചാരിക്കുക. പിന്നെ ഓരോ പ്രാവശ്യവും ഈ ആസ്വാദനത്തിലും ആനന്ദത്തിലും കുറവു വരുന്നുണ്ടെന്നും ചിന്തിക്കുക; അവസാനം വാർധക്യത്തിലെത്തി, ശക്തികൾ ദുർബലമാകുകയും ബലഹീനമാകുകയും ചെയ്യുന്നു. അന്ത്യത്തിൽ ഈ എല്ലാ ആസ്വാദനങ്ങളും ഉപേക്ഷിക്കേണ്ടി വരുന്നതായിരിക്കും. ജീവിതത്തിൽതന്നെ ഈ എല്ലാ കാര്യങ്ങളും കൈവിടേണ്ടിവരുമ്പോൾ, അത് ചെയ്യുന്നതുകൊണ്ട് എന്തു കിട്ടാനാണ്? പശ്ചാത്താപത്തിലേക്കു മടങ്ങുന്നവൻ സൗഭാഗ്യവാനാണ്. അതിൽ ആദ്യം 'ഇഖ്ലാഅ്'ന്റെ വിചാരമുണ്ടാകണം. അതായത് ദുഷ്ചിന്താഗതികളും വ്യർഥമായ ഭാവനകളും ഉന്മൂലനം ചെയ്യുക. ഈ മാലിന്യവും അശുദ്ധിയും പുറത്തുപോകുമ്പോൾ പിന്നെ ലജ്ജിതനാകുകയും താൻ ചെയ്തതിൽ ദുഃഖിക്കുകയും ചെയ്യും.

മൂന്നാമത്തെ നിബന്ധന 'അസം' ആകുന്നു. അതായത് ഭാവിയിലേക്കുവേണ്ടി ഉറച്ച തീരുമാനമെടുക്കുക; വീണ്ടും ആ തിന്മയിലേക്ക് പോകുകയില്ലെന്ന്. അതിൽ അയാൾ ഉറച്ചുനില്ക്കുമ്പോൾ അല്ലാഹു അയാൾക്ക് സത്യസന്ധമായി തൗബ ചെയ്യാനുള്ള തൗഫീഖ് പ്രദാനം ചെയ്യുന്നതായിരിക്കും. എത്രത്തോളമെന്നാൽ, ആ തിന്മകളെല്ലാം അയാളിൽനിന്ന് പൂർണമായും മാറി സൽസ്വഭാവവും സ്തുത്യർഹമായ കർമങ്ങളും അതിന്റെ സ്ഥാനമെടുക്കുന്നതായിരിക്കും. ഇത് സൽസ്വഭാവത്തിന്മേലുള്ള വിജയമാണ്. അതിൽ കഴിവും ശക്തിയും പ്രദാനം ചെയ്യുക എന്നത് അല്ലാഹുവിന്റെ ജോലിയാണ്. കാരണം എല്ലാ ശക്തികളുടേയും കഴിവുകളുടേയും ഉടമസ്ഥൻ അവനാണ്; *അന്നൽഖുവ്വത്ത ലില്ലാഹി ജമീആ* (2:168) എന്ന് അവൻ പറഞ്ഞതുപോലെ. സകല കഴിവുകളും അല്ലാഹുവിനു തന്നെയാണ്. മനുഷ്യൻ ബലഹീനനാണ്. *ഖുലിഖൽ ഇൻസാനു ളയീഫാ* (4:29) അവന്റെ യാഥാർഥ്യമാണ്. അതിനാൽ അല്ലാഹുവിൽനിന്ന് ശക്തി സംഭരിക്കുന്നതിന് ഉപര്യുക്തമായ എല്ലാ നിബന്ധനകളേയും പൂർണമാക്കി മനുഷ്യൻ അലസതയും മടിയും വെടിയണം. എപ്പോഴും ഉത്സുകനായി അല്ലാഹുവിനോടു സഹായം തേടണം; അല്ലാഹു സ്വഭാവങ്ങളിൽ മാറ്റം വരുത്തുന്നതാണ്.

### യഥാർഥ അതിബലവാൻ ആരാണ്?

നമ്മുടെ ജമാഅത്തിൽ അതിബലവാന്റേയും ഫൈൽവാന്റേയും ശക്തി ഉൾക്കൊള്ളുന്നവനല്ല ആവശ്യം. പ്രത്യുത സ്വഭാവമാറ്റങ്ങൾക്കുവേണ്ടി പരിശ്രമിക്കുന്ന ശക്തവാനെയാണ് ആവശ്യം. മലയെ അതിന്റെ സ്ഥാനത്തുനിന്ന് നീക്കുന്നവനല്ല അതിബലവാനും ശക്തവാനുമെന്നത് സത്യമായ കാര്യമാണ്. അങ്ങനെയല്ല സ്വഭാവമാറ്റങ്ങളിൽ കഴിവുള്ളവനാണ് യഥാർഥ ധീരൻ. അതിനാൽ ഓർക്കുക! മുഴുവൻ തന്റേടവും കഴിവും സ്വഭാവമാറ്റങ്ങൾക്കുവേണ്ടി ചെലവഴിക്കുക. കാരണം ഇത് തന്നെയാണ് കഴിവും ധൈര്യവും.

### മഹത്തായ സ്വഭാവം വമ്പിച്ച കറാമത്താണ്

അമാനുഷികതയിൽ ഏതെങ്കിലുമൊക്കെ രീതിയിൽ ഒഴികഴിവ് പറഞ്ഞ് ആളുകൾ തടിതപ്പാറുണ്ട്. അതിനെ അവഗണിക്കാനാഗ്രഹിക്കുന്നു. എന്നാൽ, സ്വഭാവപരമായ അവസ്ഥ എങ്ങനെയുള്ള ഒരു ദിവ്യാത്ഭുതമാണെന്നാൽ, അതിനുനേരെ ആർക്കും വിരൽചൂണ്ടാൻ സാധിക്കുകയില്ല. ഇക്കാരണത്താലാണ് നമ്മുടെ നബി(സ)തിരുമേനിക്ക് ഏറ്റവും വലുതും ശക്തവുമായ ദിവ്യാത്ഭുതം സൽസ്വഭാവങ്ങൾതന്നെ നല്കപ്പെട്ടത്. *ഇന്നക്ക ലഅലാ ഖുലുഖിൻ അളീം* എന്നു പറഞ്ഞതുപോലെ(68:5). നബി(സ) തിരുമേനിയുടെ എല്ലാ ഓരോ തരത്തിലുള്ള ദിവ്യാത്ഭുതവും തെളിവിന്റെ ശക്തിയിൽ എല്ലാ നബിമാരുടേതിനെക്കാളും വലുതായിട്ടുള്ളതാണ്. എന്നാൽ, സൽസ്വഭാവപരമായ ദിവ്യാത്ഭുതത്തിന്റെ നമ്പർ അവയിലെല്ലാം ഒന്നാം സ്ഥാന

(ശേഷം പേജ് 7ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

**ഓർക്കുക! ഓരോ അഹ്മദിയുടേയും മുഖത്തിനു പിന്നിൽ അഹ്മദിയ്യത്തിന്റെ മുഖമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖമുണ്ട്.**

ഇതിൽ പങ്കെടുക്കുന്ന ഓരോരുത്തരും അവർ അല്ലാഹുവിന്റെ സംപ്രീതി സംപ്രാപ്തമാക്കുന്നതിന് പൂർണമായും ശ്രമിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഈ മൂന്ന് ദിനങ്ങളിൽ ദുൻയാവിനോടുള്ള സ്നേഹം നിങ്ങളുടെ മനസ്സുകളിൽ ഇടംപിടിക്കരുത്. എന്നല്ല നിങ്ങൾ ജൽസാസാലാനയുടെ പോസിറ്റീവായിട്ടുള്ള അന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കേണ്ടതാണ്. അല്ലാഹുവിന്റെ സ്മരണയിൽ ലയിക്കുകയും നിങ്ങളുടെ ആത്മീയവും ധാർമികവുമായ അവസ്ഥയെ നന്നാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനും ശ്രമിക്കുക.

**ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചെയ്തിട്ടുള്ള ബയ്അത്തിന്റെ ഉടമ്പടിയിൽ പറഞ്ഞതുപോലെ അല്ലാഹുവിനോടും നബി(സ)തിരുമേനിയോടുമുള്ള സ്നേഹം നിങ്ങളുടെ മനസ്സിൽ ദുൻയാവിനോടുള്ള സ്നേഹത്തേക്കാൾ കൂടുതലാക്കുകയും നിങ്ങളുടെ ജീവിതത്തെ അല്ലാഹുവിന്റേയും റസൂലിന്റേയും നിർദ്ദേശമനുസരിച്ചും കല്പനകളനുസരിച്ചും ആക്കുകയും ചെയ്യുന്നില്ലെങ്കിൽ ജൽസാസാലാനയിൽ പങ്കെടുക്കൽ വ്യർഥമാണ്.**

ഞാൻ നിങ്ങളോടു ശക്തമായും പറയുകയാണ്; അല്ലാഹുവിനെ സ്മരിക്കുക; നമസ്കരിക്കുക. ജൽസ നടക്കുന്നതിനിടയിലും ഇടവേളകളിലും ഇതുപോലെ രാത്രിനേരങ്ങളിലും ഇങ്ങനെ ദുആ ചെയ്യുക. 'അല്ലാഹുവേ! ഞങ്ങൾ ജൽസയിൽ പങ്കെടുക്കുകയാണ്; അത് നിന്റെ പ്രത്യേക സഹായവും അറിവും സദുദ്ദേശ്യവും കൊണ്ടു സ്ഥാപിതമായതാണ്. ഞങ്ങൾ ഈ ജൽസയിൽ നിന്റെ സന്തോഷത്തിന്റെ സ്മരണയും വർധിപ്പിക്കാനാണ് പങ്കെടുക്കുന്നത്; നിന്റെ സാമീപ്യം കരസ്ഥമാകാൻ ഈ ജൽസയ്ക്ക് നീ പ്രദാനം ചെയ്തിരിക്കുന്ന എല്ലാ കാരുണ്യങ്ങളും ഞങ്ങൾക്ക് നീ നല്കിയാലും. നീ ആഗ്രഹിക്കുന്നതുപോലെ പരിശുദ്ധമാറ്റമുണ്ടാക്കാൻ ഞങ്ങളെ അനുഗ്രഹിച്ചാലും

## 2019 സെപ്റ്റംബർ 13 മുതൽ 15 വരെ സംഘടിപ്പിച്ച 34-ാമത് മലേഷ്യൻ ജൽസാസാലാനയിൽ അമീറുൽ മുഅ്മിനീന്റെ പ്രത്യേക സന്ദേശം

بسم الله الرحمن الرحيم

نحمده و نصلي على رسوله الكريم وعلى عبده المسيح الموعود

*ഖുദാകെ ഫള്ൽ ഔർ റഹം കെ സാഥ്*

*ഹുവന്നാസിർ*

മലേഷ്യയിലെ എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ !

*അസ്സലാമു അലയ്ക്കും. വ റഹ്മത്തുല്ലാഹി വബറക്കാത്തുഹു.*

നിങ്ങൾ നിങ്ങളുടെ ജൽസാസാലാന 2019 സെപ്തംബർ 13, 14, 15 തിയതികളിൽ സംഘടിപ്പിക്കുന്നുവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഈ ജൽസയെ എല്ലാവിധത്തിലും വിജയിപ്പിക്കുമാറാകട്ടെ എന്നും പങ്കെടുക്കുന്നവർ ആത്മീയമായ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിലും ഉത്തമഗുണത്തിലും നന്മയിലും സൂക്ഷ്മത പാലിക്കുന്നതിലും അഭിവൃദ്ധിപ്പെടുമാറാകട്ടെ എന്നും ദുആ ചെയ്യുന്നു.

ഞാൻ ജർമനിയിലെ ജൽസയിൽ പറഞ്ഞിരുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു കൂറുപുലർത്തുമെന്ന് പറഞ്ഞുകൊണ്ട് നമ്മൾ കരസ്ഥമാക്കിയ അനുഗ്രഹങ്ങളിലും കാരുണ്യങ്ങളിലും ഒന്ന് ജൽസാസാലാനയാണ്. അത് നമ്മുടെ ആത്മീയതയേയും ധാർമികതയേയും മാനസികമായ കഴിവുകളേയും പ്രകാശിപ്പിക്കുന്നതിനും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുമുള്ള ഉത്തമമായ മാർഗമാണ്. ഇതുതന്നെ നമ്മുടെ മനസ്സുകളെ പരിശുദ്ധമാക്കുന്നതിനും സഹായിക്കുന്നു. മറ്റുള്ളവരോടു ചെയ്യേണ്ട ഉത്തരവാദിത്വം നിറവേറ്റുന്നതിനും സഹായിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഏതൊരു ഉദ്ദേശ്യത്തിനാണോ ജൽസാസാലാന സ്ഥാപിച്ചത് അതു കരസ്ഥമാക്കാനും സഹായിക്കുന്നു.

അതിനാൽ ഇതിൽ പങ്കെടുക്കുന്ന ഓരോരുത്തരും അവർ അല്ലാഹുവിന്റെ സംപ്രീതി സംപ്രാപ്തമാക്കുന്നതിന് പൂർണമായും ശ്രമിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ഈ മൂന്ന് ദിനങ്ങളിൽ ദുൻയാവിനോടുള്ള സ്നേഹം നിങ്ങളുടെ മനസ്സുകളിൽ ഇടംപിടിക്കരുത്. എന്നല്ല നിങ്ങൾ ജൽസാസാലാനയുടെ പോസിറ്റീവായിട്ടുള്ള അന്തരീക്ഷത്തിൽനിന്ന് ഫലമെടുക്കേണ്ടതാണ്. അല്ലാഹുവിന്റെ സ്മരണയിൽ ലയിക്കുകയും നിങ്ങളുടെ ആത്മീയവും ധാർമികവുമായ അവസ്ഥയെ നന്നാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനും ശ്രമിക്കുക. നിങ്ങൾക്ക് നിങ്ങളുടെ പരാതികളും പരസ്പരമുള്ള അസ്വാരസ്യങ്ങളും പരസ്പരധാരണയിലേക്ക് മാറ്റേണ്ടതാണ്. വ്യർഥവും നിരർഥവുമായ കാര്യങ്ങൾ ഉപേക്ഷിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചെയ്തിട്ടുള്ള ബയ്അത്തിന്റെ ഉടമ്പടിയിൽ പറഞ്ഞതുപോലെ അല്ലാഹുവിനോടും നബി(സ)തിരുമേനിയോടുമുള്ള സ്നേഹം നിങ്ങളുടെ മനസ്സിൽ ദുൻയാവിനോടുള്ള സ്നേഹത്തേക്കാൾ കൂടുതലാക്കുകയും നിങ്ങളുടെ ജീവിതത്തെ അല്ലാഹുവിന്റേയും റസൂലിന്റേയും നിർദ്ദേശമനുസരിച്ചും കല്പനകളനുസരിച്ചും ആക്കുകയും ചെയ്യുന്നില്ലെങ്കിൽ ജൽസാസാലാനയിൽ പങ്കെടുക്കൽ വ്യർഥമാണ്.

ഒരു മനുഷ്യൻ അല്ലാഹുവിനോടു സത്യമായ സ്നേഹത്തോടൊപ്പം ശരിയായ ബന്ധം സ്ഥാപിക്കുമ്പോഴും തന്റെ യഥാർഥ സ്രഷ്ടാവിനെ ഒരു അവസ്ഥയിലും മറക്കാതിരിക്കുകയും ചെയ്യുമ്പോഴും അല്ലാഹുവും അവനെ ഉപേക്ഷിക്കുകയില്ല. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത്. ആ അവസ്ഥയിൽ നമ്മൾ എത്തിച്ചേരാൻ നമ്മളിലെല്ലാവരും പരിശ്രമിക്കുകയും ദുആ ചെയ്യുകയും ചെയ്യേണ്ടതാണ്. നമ്മൾ അങ്ങനെ ചെയ്യുമ്പോൾ അല്ലാഹു നമ്മെ ഓർമവെക്കുന്നതാണ്. ഉദ്ക്കുറുല്ലാഹ യദ്കുറുക്കും എന്ന് അവൻ പറഞ്ഞതുപോലെ! അല്ലാഹുവിനെ ഓർക്കുക; അവനും നിങ്ങളെ ഓർക്കുന്നതാണ്. അല്ലാഹുവിനെ ഓർക്കുന്നവൻ ഭാഗ്യവാനാണ്. അവൻ അയാളുടെമേൽ എണ്ണമറ്റ അനുഗ്രഹങ്ങൾ ഇറക്കുന്നു. കാരണം നിത്യവുമുള്ള ജോലിക്കിടയിൽപോലും അവൻ അല്ലാഹുവിനെ മറക്കുന്നില്ല. അതുകൊണ്ട് ഈ ജൽസയിൽ പങ്കെടുക്കുന്ന അതിഥികളും ഡ്യൂട്ടി കൊടുക്കുന്നവരും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിന് തങ്ങളെ ദൈവസ്മരണയിൽ വ്യാപൃതരാക്കുക.

ഞാൻ നിങ്ങളോടു ശക്തമായും പറയുകയാണ്; അല്ലാഹുവിനെ സ്മരിക്കുക; നമസ്കരിക്കുക. ജൽസ നടക്കുന്നതിനിടയിലും ഇടവേളകളിലും ഇതുപോലെ രാത്രിനേരങ്ങളിലും ഇങ്ങനെ ദുആ ചെയ്യുക. 'അല്ലാഹുവേ! ഞങ്ങൾ ജൽസയിൽ പങ്കെടുക്കുകയാണ്; അത് നിന്റെ പ്രത്യേക സഹായവും അറിവും സദുദ്ദേശ്യവും കൊണ്ടു സ്ഥാപിതമായതാണ്. ഞങ്ങൾ ഈ ജൽസയിൽ നിന്റെ സന്തോഷത്തിന്റെ സ്മരണയും വർധിപ്പിക്കാനാണ് പങ്കെടുക്കുന്നത്; നിന്റെ സാമീപ്യം കരസ്ഥമാകാൻ ഈ ജൽസയ്ക്ക് നീ പ്രദാനം ചെയ്തിരിക്കുന്ന എല്ലാ കാരുണ്യങ്ങളും ഞങ്ങൾക്ക് നീ നല്കിയാലും. നീ ആഗ്രഹിക്കുന്നതുപോലെ പരിശുദ്ധമാറ്റമുണ്ടാക്കാൻ ഞങ്ങളെ അനുഗ്രഹിച്ചാലും; ഇതിനുവേണ്ടി നീ നബി(സ) തിരുമേനിയുടെ സത്യദാസനെ ഈ ലോകത്ത് അയച്ചു; ഞങ്ങൾ സത്യഹൃദയത്തോടെ അദ്ദേഹത്തിന് ബയ്അത്ത് ചെയ്തവരാണ്. അവസാനം ഓർക്കുക! ഓരോ അഹ്മദിയുടേയും മുഖത്തിനു പിന്നിൽ അഹ്മദിയ്യത്തിന്റെ മുഖമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുഖമുണ്ട്. ഇസ്ലാമിന്റെ മുഖമുണ്ട്. ഈ എല്ലാ കാര്യങ്ങളും ഇഷ്ടപ്പെടുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക എന്നത് ഓരോ അഹ്മദിയുടേയും നിർബന്ധകടമയാണ്.

അല്ലാഹു നിങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. ദൈവകൃപയാൽ നിങ്ങളുടെ ജൽസ വിജയകരമാകട്ടെ. ബയ്അത്തിന്റെ നിബന്ധനകൾ പൂർണമായും നിറവേറ്റാൻ നിങ്ങൾക്ക് തൗഫീഖ് നല്കുമാറാകട്ടെ.

നിങ്ങളെല്ലാവരും അഹ്മദിയ്യാ ഖിലാഫത്തിനോട് സത്യസന്ധമായി കൂറുപുലർത്തുന്നവരാകട്ടെ. നിങ്ങളുടെ ജീവിതത്തിൽ സത്യമായും മാറ്റം കൊണ്ടുവരുമാറാകട്ടെ. നിങ്ങൾ നന്മയിലും സത്യസന്ധതയിലും ഇസ്ലാമിനും മനുഷ്യത്വത്തിനും വേണ്ടിയുള്ള സേവനത്തിലും മുന്നിലുണ്ടാകുമാറാകട്ടെ. അല്ലാഹു നിങ്ങളെല്ലാവരുടേയുംമേൽ തന്റെ കൃപചൊരിയുമാറാകട്ടെ.

വസ്സലാം

വിനീതൻ, ഒപ്പ്

(മിർസാ മസ്റൂർ അഹ്മദ്)

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

**(2019 ഒക്ടോബർ 1 ന് പ്രസിദ്ധീകരിച്ച അൽഫള്ൽ ഇന്റർനാഷണൽ പത്രത്തോട് കടപ്പാട്.)**

# ഖുത്ബ ജുമുഅ

ഇസ്‌ലാമിൽ അല്ലഹുവിന് പങ്കളികളെ ചേർക്കുന്നതിനും മാതാപിതാക്കളോടുള്ള കടമകൾ ധ്വംസിക്കുന്നതിനും ശേഷം മൂന്നാമതായി വരുന്നത് കളവു പറയുന്ന പാപം ഏറ്റവും വലുതാണെന്നാണ്. സത്യവിശ്വാസവും ഭീരുത്വവും ഒരിടത്ത് ഒന്നുചേരാവുന്നതാണ്. എന്നാൽ, സത്യവിശ്വാസവും കളവും ഒരിടത്ത് ഒരിക്കലും ഒന്നിക്കുകയില്ല.......വഞ്ചന കാണിക്കുന്നവൻ ഖിയാമത്തുന്നാളിൽ അല്ലാഹുവിന്റെ കഠിനമായ ശിക്ഷയ്ക്ക് വിധേയനായിരിക്കും.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപമായ ബദ്‌രി സ്വഹാബി ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ അനുഗൃഹീത ജീവിതചരിത്ര വിവരണം.

മദീനഭരണകൂടത്തിന്നെതിരെ രാജ്യദ്രോഹപ്രവർത്തനം നടത്തുകയും മുസ്‌ലിമീങ്ങളുമായുള്ള ഉടമ്പടി ലംഘിക്കുകയും യുദ്ധത്തിന് ആഹ്വാനം ചെയ്യുകയും കുഴപ്പങ്ങളുണ്ടാക്കുകയും അസഭ്യങ്ങൾ പുലമ്പുകയും കൊലപാതക പദ്ധതി തുടങ്ങിയവയിൽ ഏർപെടുകയും ചെയത് വൃത്തികെട്ടവനായ യഹൂദി കഅ്ബ് ബിൻ അശ്റഫിന്റെ വധത്തിന്റേയും അതിന്റെ കാരണങ്ങളുടേയും വിശദമായ വിവരണം.

കഅ്ബിന്റെ വധത്തെ തുടർന്ന് ഉയർന്ന് ആക്ഷേപങ്ങൾക്ക് പ്രമാണബദ്ധമായ മറുപടികൾ അനുഗൃഹീത ഹദീഥായ അൽഹർബു ഖുദ്അത്തുൻ എന്നതിന്റെ അതിസൂക്ഷ്മമായ വ്യാഖ്യാനം

**ഖുത്ബ ജുമുഅ 2020 ഫെബ്രുവരി 07/1399 സ്വുൽഹ് 07,**
**മസ്ജിദ് ബയ്ത്തുൽ മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്(സർറെ),യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ- اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ-
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്ന് പറയാൻ പോകുന്നത് ബദ്‌രി സ്വഹാബിയായ മുഹമ്മദ് ബിൻ മസ്‌ലമ അൻസ്വാരി(റ)യെ കുറിച്ചാണ്. ഹദ്റത്ത് മുഹമ്മദിന്റെ പിതാവിന്റെ പേര് മസ്‌ലമ ബിൻ സൽമ എന്നായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് സൽമ എന്നതിനുപുറമെ ഖാലിദ് എന്നും പറയപ്പെട്ടിരിക്കുന്നു. ഉമ്മുസഹം ആയിരുന്നു അദ്ദേഹത്തിന്റെ മാതാവ്. അവരുടെ പേര് ഖുലയ്ദത്ത് ബിൻത് അബൂഉബയ്ദ എന്നായിരുന്നു. അൻസ്വാറിന്റെ ഗോത്രമായ ഔസുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അബ്ദുഅശ്ഹലിന്റെ സഖ്യകക്ഷിയായിരുന്നു. ഹദ്റത്ത് മുഹമ്മദ് ബി ൻ മസ്‌ലമയുടെ സംജ്ഞാനാമം അബുഅബ്ദുല്ലാഹ് അല്ലെങ്കിൽ അബ്ദുർറഹ്മാൻ എന്നാണ്. അബൂസയീദ് എന്നാണെന്നും വിവരിക്കപ്പെടുന്നുണ്ട്. അല്ലാമ ഇബ്നുഹജറിന്റെ പക്കൽ അബൂഅബ്ദുല്ലാഹ് എന്നതാണ് കൂടുതൽ ശരിയായിട്ടുള്ളത്. ഒരു അഭിപ്രായമനുസരിച്ച് അദ്ദേഹം നുബുവ്വത്ത് വാദത്തിന് 22 വർഷം മുമ്പേയാണ് ജനിച്ചത്. ജാഹ്‌ലിയ കാലഘട്ടത്തിൽ മുഹമ്മദ് എന്ന് പേരു വെക്കപ്പെട്ടിട്ടുള്ളവരിൽപ്പെട്ടയാളായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 338, മുഹമ്മദ് ബിൻ മസ്‌ലമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അൽഇസ്വാബ, വാള്യം 6, പേജ് 28, മുഹമ്മദ് ബിൻ മസ്‌ലമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)(ഉസുദുൽഗാബ, വാള്യം 5, പേജ് 106, മുഹമ്മദ് ബിൻ മസ്‌ലമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

മദീനയിലെ യഹൂദികൾ ഹദ്റത്ത് മൂസാ(അ) സുവാർത്ത അറിയിച്ചിരുന്ന നബിയെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. നിയമിതനാകാൻ പോകുന്ന ആ നബിയുടെ പേര് മുഹമ്മദ് എന്നായിരിക്കുമെന്ന് അവർ പറഞ്ഞിരുന്നു. അറേബ്യൻ ജനത ഇതുകേട്ടപ്പോൾ തങ്ങളുടെ മക്കളുടെ പേര് മുഹമ്മദ് എന്ന് വെക്കാൻ തുടങ്ങി. സീറത്തുന്നബി അടങ്ങിയ ഗ്രന്ഥങ്ങളിൽ ആരുടെയൊക്കെ പേരാണോ മുഹമ്മദ് എന്ന് വെക്കപ്പെട്ടത് അവരുടെ എണ്ണം മൂന്നു മുതൽ പതിനഞ്ചുവരെ വിവരിക്കപ്പെട്ടിരിക്കുന്നു. സീറത്തു ഇബ്നുഹിശാമിന്റെ വ്യാഖ്യാതാവായ അല്ലാമ സുഹയ്‌ലി മൂന്നു പേരുടെ പേരുകൾ എഴുതിയിരിക്കുന്നു. അല്ലാമ ഇബ്നു അഥീർ 6 പേരുടെ പേർ എഴുതിയിരിക്കുന്നു. അബ്ദുൽ വഹ്ഹാബ് ശിഅ്റാനീ അവരുടെ എണ്ണം 14 എഴുതിയിരിക്കുന്നു. അറിയുന്നതിനുവേണ്ടി ആ 15 പേര് അല്ലെങ്കിൽ കുറച്ചുപേരുകൾ പറഞ്ഞുതരികയാണ്. മുഹമ്മദ് ബിൻ സുഫിയാൻ, മുഹമ്മദ് ബിൻ ഉഹയ്ഹാ, മുഹമ്മദ് ബിൻ ഖംറാൻ, മുഹമ്മദ് ബിൻ ഖുസായീ, മുഹമ്മദ് ബിൻ അദിയ്യ്, മുഹമ്മദ് ബിൻ ഉസാമ, മുഹമ്മദ് ബിൻ ബറാഅ്, മുഹമ്മദ് ബിൻ ഹാരിഥ്, മുഹമ്മദ് ബിൻ ഹിർമാസ്, മുഹമ്മദ് ബിൻ ഖൗലി, മുഹമ്മദ് ബിൻ യഹ് മദി, മുഹമ്മദ് ബിൻ സയ്ദ്, മുഹമ്മദ് ബിൻ ഉസയ്ദി, മുഹമ്മദ് ഫുഖയ്മീ, ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ എന്നിവർ അതിൽപെടുന്നു.(മുഹമ്മദ് റസൂലുല്ലാഹ് വല്ലദീന മഅഹൂ, അബദുൽ ഹമീദ് ജോദ അസ്സിഹാർ വാള്യം 2, പേജ് 111–112, മക്തബ മിസ്വർ)(റൗളുൽഅൻഫ്, ശറഹ് ഇബ്നു ഹിശാം, അല്ലാമ സുഹയ്‌ലീ, വാള്യം 1 പേജ് 280, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)(ഉസുദുൽഗാബ ലി ഇബ്നി അഥീർ, വാള്യം 5, പേജ് 72, മുഹമ്മദ് ബിൻ അഹീഹ, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)(കശ്ഫുൽഗമ്മ അൻ ജമീയിൽഉമ്മത്തി ലശ്ശഅ്റാനീ, ഭാഗം 1, പേജ് 283–284, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1998)(അൽഇസ്വാബ, വാള്യം 6, പേജ് 28, മുഹമ്മദ് ബിൻ മസ്‌ലമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ ആദ്യകാല ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ടയാളായിരുന്നു. അദ്ദേഹം ഹദ്റത്ത് മുസ്അബ് ബിൻ ഉമയ്റിന്റെ കൈയിൽ ഹദ്റത്ത് സഅ്ദുബ്നു മുആദിനു മുമ്പേ ഇസ്‌ലാം സ്വീകരിക്കുകയുണ്ടായി. ഹദ്റത്ത് ഉബയ്ദാ ബിൻ അൽജർറാഹ് ഹിജ്റത്ത് ചെയ്തു മദീനയിലെത്തിയപ്പോൾനബി(സ) തിരുമേനി അവരെ തമ്മിൽ സഹോദരന്മാരാക്കി. കഅ്ബ് ബിൻ അശ്റഫിനെയും അബൂറാഫിഅ് സലാം ബിൻ അബൂഹുഖയ്ഖിനെയും വധിച്ച സ്വഹാബികളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. അവർ ഇരുവരും മുസ്‌ലിമീങ്ങൾക്കിടയിൽ കുഴപ്പങ്ങളുണ്ടാക്കി മുസ്‌ലിംമീങ്ങൾക്ക് നഷ്ടമുണ്ടാക്കാൻ തുനിഞ്ഞിറങ്ങിയവരും അതിനായി എപ്പോഴും പരിശ്രമിച്ചിരുന്നവരുമായിരുന്നു. മാത്രമല്ല മുസ്‌ലിമീങ്ങളെയും നബി(സ)തിരുമേനിയെയും ആക്രമിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അവരെ വധിക്കുന്നതിനുവേണ്ടി നബി(സ) തിരുമേനി മുഹമ്മദ് ബിൻ മസ്‌ലമയെ ഏൽപിച്ചു. പല യുദ്ധാവസരങ്ങളിലും അദ്ദേഹത്തെ മദീനയുടെ മേൽനോട്ടക്കാരനായി നബി(സ)തിരുമേനി നിയമിച്ചിട്ടുമുണ്ട്.

ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയുടെ മക്കളായിരുന്ന ജഅ്ഫർ, അബ്ദുല്ലാഹ്, സഅദ്, അബ്ദുർറഹ്മാൻ, ഉമർ എന്നിവർ നബി(സ) തിരുമേനിയുടെ സ്വാഹബാക്കളിൽപ്പെട്ടവരായിരുന്നു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ ബദ്ർ യുദ്ധത്തിലും, ഉഹുദ് യുദ്ധത്തിലും അതിനു ശേഷം തബൂക്ക് യുദ്ധമൊഴികെ മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നു. കാരണം തബൂക്ക് യുദ്ധത്തിന്റെ സമയത്ത് നബി(സ)തിരുമേനിയുടെ അനുമതിയോടെ അദ്ദേഹം മദീനയിൽത്തന്നെനിൽക്കുന്നതിന് പിന്നിൽനിന്നു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാള്യം 6, പേജ് 28–29, മുഹമ്മദ് ബിൻ മസ്‌ലമ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)(ശറഹ് സർഖാനീ വാള്യം 2, പേജ് 511,

ഹദീഥ് ബനീ നളീർ, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1996)

മേൽ പരാമർശിച്ചതുപോലെ ഫിത്ന ഉണ്ടാക്കിയിരുന്ന ഇസ്‌ലാമിന്റെ ശത്രുക്കളെ വധിച്ചവരിൽ മുഹമ്മദു ബിൻ മസ്‌ലമയും ഉൾപ്പെട്ടിരുന്നു. ഇതിന്റെ കുറച്ചു വിശദീകരണം ഒന്നര വർഷം മുമ്പേ ഹദ്റത്ത് ഉബാദ ബിൻ ബിശറിനെ കുറിച്ച് വിവരിച്ചപ്പോൾ നല്കിക്കഴിഞ്ഞതാണ്. എന്നിരുന്നാലും സംക്ഷിപ്തമായി കുറച്ചു കാര്യങ്ങൾ പറയാം. ഇതിനുപുറമെ വേറെ കുറച്ച് വിശദീകരണവുമുണ്ട്. കഅ്ബ് ബിൻ അശ്റഫിന്റെ വധത്തെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: 'ബദ്ർ യുദ്ധത്തോടെ യഹൂദികളുടെ ഹൃദയത്തിലുണ്ടായിരുന്ന ശത്രുത പ്രകടമായിരുന്നു. അവരുടെ ആ ശത്രുത വർധിക്കുകയും ചെയ്തു. തങ്ങളുടെ ദ്രോഹങ്ങളിലും കുഴപ്പങ്ങളിലും അവർ അതിരുകടന്നു. കഅ്ബ് ബിൻ അശ്റഫിന്റെ വധവും ഇതിന്റെ ഒരു കണ്ണിയാണ്. മതം നോക്കിയാൽ കഅ്ബ് ജൂതനായിരുന്നു. പക്ഷേ, യഥാർഥത്തിൽ അറബി വംശജനായിരുന്നു. എന്നല്ല അറേബ്യനായിരുന്നു. അയാളുടെ പിതാവ് അശ്റഫ് ബനൂനഹ്ബാൻ സമർഥനും സൂത്രശാലിയുമായിരുന്നു. മദീനയിൽ വന്ന് ബനു നദീറിനോടൊപ്പം ബന്ധങ്ങളുണ്ടാക്കുകയും അവരുടെ സഖ്യകക്ഷിയാകുകയും ചെയ്തു. ഒടുവിൽ അയാൾ എത്രമാത്രം സ്വാധീനം സ്ഥാപിച്ചെടുത്തുവെന്നാൽ ബനൂനദീർ ഗോത്രത്തിന്റെ പരമോന്നത നേതാവായ അബൂറാഫിഅ് ബിൻ അബീ ഹുഖയ്ഖ് തന്റെ മകളെ അയാൾക്ക് വിവാഹം ചെയ്തു കൊടുത്തു. അവളുടെ വയറ്റിൽനിന്നാണ് കഅ്ബ് ജനിച്ചത്. അയാൾ വളർന്ന് വലുതായി തന്റെ പിതാവിനേക്കാളും വലിയ സ്ഥാനം കരസ്ഥമാക്കി. ഏതുവരെയെന്നാൽ അറേബ്യയിലെ യഹൂദികൾ മുഴുവനും അയാളെ നേതാവായിക്കരുതാൻ തുടങ്ങി. സ്വഭാവപരമായി നോക്കുമ്പോൾ അങ്ങേയറ്റം വൃത്തികെട്ടവനായിരുന്നു. സൂത്രം പ്രയോഗിക്കുന്നതിലും ഗൂഢനീക്കങ്ങൾ നടത്തുന്നതിലും വലിയ വിദഗ്ദ്ധനായിരുന്നു. നന്മ അയാളെ തീണ്ടിയിട്ടുപോലുമില്ലായിരുന്നു. തിന്മകളിലും ദോഷങ്ങളിലും പരസ്പരം തമ്മിൽതല്ലിക്കുന്നതിലും കുഴപ്പം ഉണ്ടാക്കുന്നതിലും അതിസമർഥനായിരുന്നു. നബി(സ)തിരുമേനി ഹിജ്റത്ത് ചെയ്തു മദീനയിലെത്തിയപ്പോൾ കഅ്ബ് ബിൻ അശ്റഫ് മറ്റു യഹൂദികളോടൊപ്പം ചേർന്ന് നബി(സ)തിരുമേനിക്കും യഹൂദികൾക്കുമിടയിൽ നടന്ന സമാധന ഉടമ്പടിയിൽ പങ്കുചേരുകയും പരസ്പര പ്രതിരോധ ഉടമ്പടി എഴുതിക്കുകയുമുണ്ടായി. എന്നാൽ, കഅ്ബിന്റെ ഉള്ളിന്റെയുള്ളിൽ ശത്രുതയുടേയും വിദ്വേഷത്തിന്റേയും അഗ്നി എരിഞ്ഞുകൊണ്ടിരുന്നു. അങ്ങനെ അയാൾ ഗൂഢതന്ത്രങ്ങളും നീക്കങ്ങളും നടത്തിക്കൊണ്ട് ഇസ്‌ലാമിനെയും ഇസ്‌ലാമിക സ്ഥാപകരേയും എതിർക്കാൻ തുടങ്ങി. കഅ്ബിന്റെ എതിർപ്പ് കൂടുതൽ ഭയാനകമായ അവസ്ഥ ഉണ്ടാക്കി. തന്റെ എതിർപ്പിലും കുഴപ്പങ്ങളുണ്ടാക്കുന്നതിലും അയാൾ കൂടുതൽ ഉത്സുകനായിക്കൊണ്ടിരുന്നു. ബദ്ർ യുദ്ധത്തിനു ശേഷം കഠിനമായ അക്രമവും ഫിത്നയും ഉണ്ടാക്കുക എന്ന നിലപാടാണ് അയാൾ സ്വീകരിച്ചത്. തൽഫലമായി മുസ്‌ലിമീങ്ങൾക്ക് ഭയാനകമായ അവസ്ഥ നേരിടേണ്ടതായിവന്നു.

ബദ്ർ യുദ്ധത്തിൽ മുസ്‌ലിമീങ്ങൾക്ക് അസാധാരണമായ വിജയം ലഭിക്കുകയും ഖുറയ്ശി നേതാക്കൾ അധികവും മരണപ്പെടുകയും ചെയ്തപ്പോൾ ഈ പുതിയ മതം അത്ര എളുപ്പത്തിൽ അവസാനിക്കുന്ന ലക്ഷണം കാണുന്നില്ല എന്നയാൾക്കു മനസ്സിലായി. ആദ്യം അയാൾ കരുതിയിരുന്നത് ഈ പുതിയമതം നശിച്ചുപോകുമെന്നാണ്. അത് സ്വയമേവ ഉന്മൂലനം ചെയ്യപ്പെടുമെന്നാണ്. പക്ഷേ, ഇസ്‌ലാമിന്റെ വളർച്ച കണ്ടപ്പോൾ, ബദ്ർ യുദ്ധത്തിന്റെ ഫലം കണ്ടപ്പോൾ ഇത് അങ്ങനെയങ്ങ് നശിക്കുകയില്ലെന്ന് അയാൾക്ക് മനസ്സിലായി. അതിനാൽ ബദ്ർ യുദ്ധത്തിനുശേഷം അയാളുടെ ശ്രമങ്ങളെല്ലാം ഇസ്‌ലാമിനെ തകർക്കുന്നതിനും തുടച്ചു നീക്കുന്നതിനും വേണ്ടിയായിരിക്കുമെന്ന് തീരുമാനിച്ചുറപ്പിച്ചു.

ബദ്റിലെ വിജയം യഥാർഥത്തിൽ ഇസ്‌ലാമിന് കരുത്ത് പകർന്നിരിക്കുകയാണെന്ന് കഅ്ബിന് ദൃഢബോധ്യമായപ്പോൾ– അത് അയാൾ മനസ്സിൽപോലും വിചാരിക്കാത്തതായിരുന്നു അയാൾ കോപവും വിദ്വേഷവുംകൊണ്ട് ജ്വലിച്ചു. ഉടനെ മക്കയിലേക്കു യാത്ര തിരിച്ചു. അവിടെയെത്തി തന്റെ വാഗ്ചാതുരിയുടെയും കവിതകളുടെയും പിൻബലത്തിൽ ഖുറയ്ശികളുടെയുള്ളിൽ നീറിപ്പുകഞ്ഞുകൊണ്ടിരുന്ന തീ ആളിക്കത്തിച്ചു. മുസ്‌ലിമീങ്ങളുടെ രക്തത്തിനുവേണ്ടിയുള്ള ശമിക്കാത്ത ദാഹം അവരുടെ ഹൃദയത്തിൽ ഉണ്ടാക്കി. അവരുടെ ഹൃദയത്തിൽ പകയുടെയും ശത്രുതയുടെയും പ്രതികാരാവേശം നിറച്ചു. കഅ്ബിന്റെ പ്രകോപനപരമായ പ്രവർത്തനങ്ങളുടെ ഫലമായി അവരുടെ ഉള്ളിൽ വിദ്വേഷത്തിന്റെ വൈദ്യുതി പ്രവാഹം ഒഴുകാൻ തുടങ്ങി. അങ്ങനെ അയാൾ അവരെയെല്ലാം കഅ്ബാ മന്ദിരത്തിന്റെ മുറ്റത്ത് കൊണ്ടുപോയി കഅ്ബയുടെ കില്ല കൈയിൽ പിടിപ്പിച്ച് ഓരോരുത്തരെക്കൊണ്ടും സത്യം ചെയ്യിച്ചു. അതായത് ഇസ്‌ലാമിനെയും അതിന്റെ സ്ഥാപകനേയും ഭൂലോകത്തുനിന്ന് തുടച്ചു നീക്കുന്നതുവരെ തങ്ങൾക്ക് സമാധാനമുണ്ടാകില്ലെന്ന് സത്യം ചെയ്യിച്ചു.

അതിനുശേഷം ആ ഹതഭാഗ്യൻ അറേബ്യയിലെ മറ്റു ഗോത്രങ്ങളിലേക്കു തിരിഞ്ഞു. ഗോത്രങ്ങളും സമുദായങ്ങളും ചുറ്റിക്കറങ്ങി ജനങ്ങളെ മുസ്‌ലിമീങ്ങൾക്കെതിരിൽ പ്രകോപിപ്പിച്ചു. അതിനുശേഷം മദീനയിൽ തിരിച്ചുവന്ന് മുസ്‌ലിം സ്ത്രീകളെ അസഭ്യം പറയാൻ തുടങ്ങി. അതായത് അയാളുടെ ആവേശം കൊള്ളിക്കുന്ന കവിതകളിൽ അങ്ങേയറ്റം അസഭ്യവാക്കുകളും അശ്ലീലങ്ങളുംകൊണ്ട് മുസ്‌ലിം സ്ത്രീകളെ വർണിച്ചു. പ്രവാചക കുടുംബത്തിലെ വനിതകളെ അസഭ്യങ്ങൾ നിറഞ്ഞ കവിതകൾക്ക് കുറിമാനമാക്കുന്നതിൽനിന്നുപോലും വിട്ടുനിന്നില്ല. രാജ്യത്ത് അത്തരം കവിതകൾ പരാമർശവിധേയമാക്കി. അതു കൂടാതെ നബി(സ) തിരുമേനിയെ വധിക്കാനുള്ള ഗൂഢ പദ്ധതികൾ ആസൂത്രണം ചെയ്തു. സൽക്കാര വിരുന്നൊരുക്കി ഏതാനും യഹൂദി യുവാക്കളുടെ കൈയാൽ നബി(സ)തിരുമേനിയെ വധിക്കാൻ പദ്ധതിയിട്ടു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ കൃത്യസമയത്തുതന്നെ അതിനെകുറിച്ചുള്ള വിവരം നബി(സ)തിരുമേനിക്ക് ലഭിച്ചു. അയാളുടെ ഗൂഢപദ്ധതി വിജയിച്ചില്ല.

കഅ്ബിനെതിരായി കരാർ ലംഘനം, രാജ്യദ്രോഹം, കലാപമുണ്ടാക്കൽ, യുദ്ധത്തിനു പ്രേരിപ്പിക്കൽ, അസഭ്യം പറയൽ, വധശ്രമം എന്നീ കുറ്റങ്ങൾ അതിന്റെ സീമയിൽ എത്തിയപ്പോൾ നബി(സ)തിരുമേനി അവിടന്ന് മദീനയിൽ വന്നതിനുശേഷം മദീനക്കാരുമായി ഉണ്ടാക്കിയ അന്താരാഷ്ട്ര ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മദീനയിലെ ജനാധിപത്യ ഭരണത്തിന്റെ ഉന്നതാധികാരി എന്ന നിലയിൽ കഅ്ബ് ബിൻ അശ്റഫിന്റെ കഠിനമായ കുറ്റകൃത്യങ്ങൾ കാരണമായി അയാൾ വധശിക്ഷയ്ക്കർഹനാണെന്നു വിധിച്ചു. ആ നേരത്തെ കുഴപ്പങ്ങൾ കാരണത്താൽ മദീനയുടെ അന്തരീക്ഷം പ്രക്ഷുബ്ധമാകുകയായിരുന്നു. ആ അവസരത്തിൽ കഅ്ബിനെ നിയമാനുസൃതം വിളംബരപ്പെടുത്തി വധിക്കുകയാണെങ്കിൽ അതിന്റ പരിണിത ഫലമായി മദീനയിൽ ഭയാനകമായ ആഭ്യന്തരയുദ്ധമുണ്ടാകുമെന്ന ആശങ്കയും നിലനിന്നിരുന്നു. അതുമൂലം എത്രകണ്ട് രക്തച്ചൊരിച്ചിലുകൾ ഉണ്ടാകുമെന്ന് പറയാൻ കഴിയുമായിരുന്നില്ല. നബി(സ)തിരുമേനി സമൂഹങ്ങൾക്കിടയിലുള്ള രക്തച്ചൊരിച്ചിലുകൾ തടയാൻ സാധ്യമായ എല്ലാ മാർഗങ്ങളിലൂടെയും കഠിന പ്രയത്നം നടത്തുകയായിരുന്നു. കഅ്ബിനെ പരസ്യമായി വധിക്കാതെ ഏതാനും ആളുകൾ ചേർന്ന് രഹസ്യമായി ഉചിതമായ അവസരം നോക്കി വധിക്കണമെന്ന നിർദേശം നൽകി. ഈ കർത്തവ്യനിർവഹണം ഔസ് ഗോത്രത്തിലെ ആത്മാർഥനായ സ്വഹാബിയായിരുന്ന മുഹമ്മദ് ബിൻ മസ്‌ലമയെ ഏല്പിച്ചു. ഏതു രീതി സ്വീകരിക്കുകയാണെങ്കിലും അത് ഔസ് ഗോത്രത്തിന്റെ നേതാവായ സഅ്ദ് ബിൻ മുആദിന്റെ അഭിപ്രായം അറിഞ്ഞുകൊണ്ടായിരിക്കണം എന്ന് നബി(സ)തിരുമേനി അദ്ദേഹത്തിനു ശക്തമായ കല്പന നൽകി. മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: 'യാ റസൂലല്ലാഹ്! രഹസ്യമായി വധിക്കാൻ കഴിയണമെങ്കിൽ കഅ്ബിനെ വീട്ടിൽ നിന്നിറക്കി സുരക്ഷിതമായ ഒരു സ്ഥലത്തെത്തിക്കുന്നതിന് എന്തെങ്കിലും ഉപായം കണ്ടെത്തേണ്ടിവരും. നബി(സ)തിരുമേനി, ആ അവസരത്തിൽ ഒരു രഹസ്യമായ ശിക്ഷ നടപ്പാക്കുന്നതിന്റെ രീതി സ്വീകരിക്കാതിരുന്നാൽ ഉണ്ടാകാവുന്ന ആ വൻ കലാപങ്ങൾ പരിഗണിച്ചുകൊണ്ട് പറഞ്ഞു: 'നല്ലത്.' അങ്ങനെ മുഹമ്മദ് ബിൻ മസ്‌ലമ, സഅ്ദ് ബിൻ മുആദിനോട് അഭിപ്രായം ചോദിച്ചശേഷം അബൂ നാഇലയെയും മറ്റു രണ്ടു മൂന്നു സ്വഹാബികളേയും കൂട്ടി കഅ്ബിന്റെ വീട്ടിലെത്തി. കഅ്ബിനെ വീടിനു വെളിയിലേക്കു വിളിച്ചുകൊണ്ടുവന്നു പറഞ്ഞു: 'ഞങ്ങളുടെ യജമാനൻ അതായത് മുഹമ്മദ്(സ) ഞങ്ങളിൽനിന്ന് സ്വദഖ ആവശ്യപ്പെട്ടു കൊണ്ടിരിക്കുന്നു. ഞങ്ങൾ കഷ്ടതയിലാണ്. ഞങ്ങൾക്കു കുറച്ചു പണം കടം നൽകാൻ താങ്കൾക്കു കഴിയുമോ? ഇതുകേട്ട്


'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.

"വ്യക്തിപരമായ നിലയിൽ ലയ്ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25-7-2014)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:-

ത്വാലിബെ ദുആ:
Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.

കഅ്ബ് സന്തോഷംകൊണ്ട് തുള്ളിച്ചാടി. എന്നിട്ടു പറഞ്ഞു: 'വല്ലാഹി, തീർച്ചയായും നിങ്ങൾ ജാഗരൂകരായി ആ വ്യക്തിയെ ഉപേക്ഷിക്കുന്ന നാൾ വിദൂരമല്ല.' മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: 'ഞങ്ങളാണെങ്കിൽ മുഹമ്മദ്(സ)നെ പിൻപറ്റിക്കഴിഞ്ഞു. ഞങ്ങളാവശ്യപ്പെട്ടതനുസരിച്ച് ഞങ്ങൾക്കു കടം നൽകാൻ സാധിക്കുമോ ഇല്ലേയാ എന്നു പറയുക. കഅ്ബ് പറഞ്ഞു: 'നൽകാം. പക്ഷേ, നിങ്ങൾ എന്തെങ്കിലും പണയം വെക്കണം.' മുഹമ്മദ് ബിൻ മസ്‌ലമ ചോദിച്ചു: 'എന്തു സാധനമാണ് വെക്കേണ്ടത്.' ആ ഹതഭാഗ്യൻ മറുപടി പറഞ്ഞു: 'നിങ്ങളുടെ സ്ത്രീകളെ പണയം വെക്കുക.' മുഹമ്മദ് ബിൻ മസ്‌ലമ കോപം ഉള്ളിലൊതുക്കിക്കൊണ്ട് പറഞ്ഞു: 'താങ്കളെപ്പോലുള്ള ഒരു വ്യക്തിയുടെ കൈയിൽ ഞങ്ങളെങ്ങനെയാണ് ഞങ്ങളുടെ സ്ത്രീകളെ പണയം വെക്കുക?' അയാൾ പറഞ്ഞു: 'എങ്കിൽ ശരി നിങ്ങളുടെ ആൺമക്കളായാലും മതി.' മുഹമ്മദ് ബിൻ മസ്‌ലമ പറഞ്ഞു: 'ഇതും സാധ്യമല്ല. അറേബ്യയുടെ മുഴുവൻ കുത്തുവാക്കുകളും സഹിക്കാൻ ഞങ്ങങ്ങൾക്കാവില്ല. താങ്കൾ കനിവു കാണിക്കുകയാണെങ്കിൽ ഞങ്ങൾ ഞങ്ങളുടെ ആയുധങ്ങൾ പണയം വയ്ക്കാം.' കഅ്ബ് അതിനു സമ്മതിച്ചു. മുഹമ്മദ് ബിൻ മസ്‌ലമയും കൂട്ടരും രാത്രി തിരിച്ചുവരാമെന്നു വാക്കു കൊടുത്തു മടങ്ങി. രാത്രിയായപ്പോൾ ആ സംഘം വാഗ്ദാനം ചെയ്ത ആയുധങ്ങളുമായി കഅ്ബിന്റെ വീട്ടിലെത്തി. കാരണം അക്കാലത്ത് പരസ്യമായിത്തന്നെ വാഗ്ദാനം ചെയ്ത ആയുധങ്ങൾ കൊണ്ടുവരാമായിരുന്നു. അയാളെ വീട്ടിൽനിന്നിറക്കി വർത്തമാനം പറഞ്ഞ് പറഞ്ഞ് ഒരു ഭാഗത്തേക്കുകൊണ്ടുപോയി വധിച്ചു. മുഹമ്മദ് ബിൻ മസ്‌ലമയോ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന ആരോ എന്തോ പറഞ്ഞ് അയാളുടെ തലയിൽ കൈയിടുകയും അയാളുടെ തലമുടി ബലമായി പിടിക്കുകയും തന്റെ കൂട്ടുകാരനോടു വെട്ടാൻ പറയുകയും ചെയ്തു. ആയുധവുമായി ആദ്യമെതന്നെ തയ്യാറായിരുന്ന സ്വഹാബ ക്ഷണത്തിൽ തലയ്ക്കുവെട്ടുകയും അങ്ങനെ അയാൾ വധിക്കപ്പെട്ട് താഴെ വീഴുകയും ചെയ്തു. മുഹമ്മദ് ബിൻ മസ്‌ലമയും കൂട്ടരും അവിടെനിന്ന് പെട്ടെന്ന് തന്നെ നബി(സ)തിരുമേനിയുടെ അടുക്കലെത്തി വധിച്ച കാര്യം പറഞ്ഞു.

കഅ്ബ് വധിക്കപ്പെട്ട വാർത്ത പ്രചരിച്ചപ്പോൾ പട്ടണത്തിൽ പ്രക്ഷുബ്ധാവസ്ഥ ഉണ്ടായി. യഹൂദികൾ അത്യധികം വികാരഭരിതരായി. അടുത്ത ദിവസം യഹൂദികളുടെ ഒരു സംഘം നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി 'തങ്ങളുടെ നേതാവ് ഇത്തരത്തിൽ വധിക്കപ്പെട്ടിരിക്കുന്നുവെന്ന്' പരാതി പറഞ്ഞു. നബി(സ) തിരുമേനി അവർ പറയുന്നത് കേട്ടുകൊണ്ട് അവരോടു ചോദിച്ചു: 'കഅ്ബ് ചെയ്ത കുറ്റകൃത്യങ്ങൾ എന്തൊക്കെയാണെന്ന് നിങ്ങൾക്കറിയുമോ?' അതിനുശേഷം അവിടന്ന് കഅ്ബ് ചെയ്ത കരാർ ലംഘനം, യുദ്ധത്തിനു പ്രേരിപ്പിക്കൽ, അസംഭ്യം പറയൽ, വധശ്രമത്തിനു പദ്ധതിയിട്ടത് തുടങ്ങിയ എല്ലാ കുറ്റകൃത്യങ്ങളും അവരെ ഓർമിപ്പിച്ചു. അപ്പോൾ അവർ ഭയന്ന് നിശബ്ദരായി. കൂടുതലായി എന്തെങ്കിലും പറയാൻ അവർ നിന്നില്ല. അതിനുശേഷം നബി(സ)തിരുമേനി അവരോടു പറഞ്ഞു: 'നിങ്ങൾ ചെയ്യേണ്ടത് ഇനിയെങ്കിലും ശാന്തിയോടും പരസ്പര സഹകരണത്തോടും കൂടി ജീവിക്കുക എന്നതാണ്. വിദ്വേഷത്തിന്റെയും കലഹങ്ങളുടെയും കുഴപ്പങ്ങളുടെയും വിത്ത് വിതയ്ക്കാതിരിക്കുക. അങ്ങനെ യഹൂദികളുടെ സമ്മതത്തോടെ ഭാവിയിലേക്കായി പുതിയൊരു ഉടമ്പടി എഴുതപ്പെട്ടു. മുസ്‌ലിമീങ്ങളുമായി ശാന്തിസമാധാനത്തോടെ ജീവിക്കുമെന്നും കുഴപ്പങ്ങളിൽനിന്നും കലഹങ്ങളിൽനിന്നും വിട്ടുനിൽക്കുന്നതാണെന്നും ഒരിക്കൽക്കൂടി പ്രതിജ്ഞ ചെയ്തു.

കഅ്ബ് കുറ്റവാളിയല്ലായിരുന്നെങ്കിൽ യഹൂദികൾ അത്ര പെട്ടെന്ന് പുതിയ ഉടമ്പടിക്കു തയ്യാറാകുമായിരുന്നില്ല. അതുപോലെ അയാളുടെ വധത്തെക്കുറിച്ച് നിശബ്ദരാകുകയുമില്ലായിരുന്നു. എന്തായാലും ഭാവിയിൽ തങ്ങൾ സമാധാനത്തോടെ കഴിയുന്നതാണെന്ന് പുതിയ കരാർ അവർ ചെയ്തു. അതിനുശേഷം എപ്പോഴെങ്കിലും കഅ്ബ് ബിൻ അശ്റഫിന്റെ സംഭവം പറഞ്ഞ് മുസ്‌ലിമീങ്ങളുടെമേൽ യഹൂദികൾ ആക്ഷേപം ഉന്നയിച്ചതായി ചരിത്രത്തിൽ എവിടെയും കാണുന്നില്ല. കാരണം കഅ്ബ് ശിക്ഷക്കർഹനായിരുന്നുവെന്ന് അവർ മനസ്സിലാക്കിയിരുന്നു.

കഅ്ബ് ബിൻ അശ്റഫിന്റെ വധത്തെക്കുറിച്ച് പാശ്ചാത്യ ചരിത്രകാരന്മാർ ഒരുപാട് എഴുതുകയും നബി(സ)തിരുമേനിയുടെമേൽ കളങ്കം ചാർത്തുക എന്ന ഉദ്ദേശ്യത്തോടെ ഈ വധത്തെക്കുറിച്ച് ആക്ഷേപമുന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നാമതായി നോക്കേണ്ടത് ഈ വധം ന്യായമായതായിരുന്നോ എന്നാണ്. രണ്ടാമത് നോക്കേണ്ടത് വധിക്കാനായി ഉപയോഗിച്ച രീതി ന്യായമായതാണോ അല്ലേ എന്നാണ്.

ഒന്നാമത്തെ കാര്യത്തെ സംബന്ധിച്ച് ഓർക്കേണ്ടത് നബി(സ)തിരുമേനിയുമായി കഅ്ബ് ബിൻ അശ്റഫ് നിയമപരമായി സമാധാന സന്ധിയിലേർപ്പെട്ടിരുന്നു എന്നതാണ്. മുസ്‌ലിമീങ്ങൾക്കെതിരെ നടപടിയെടുക്കുക എന്നത് അവിടെ നിൽക്കട്ടെ, പുറമെ നിന്നുള്ള ശത്രുക്കളുടെ ആക്രമണമുണ്ടായാൽ മുസ്‌ലിമീങ്ങളെ സഹായിക്കുകയും അവരോട് സൗഹൃദബന്ധം പുലർത്തുകയും ചെയ്യുന്നതാണെന്നായിരുന്നു അയാൾ പ്രതിജ്ഞ ചെയ്തിരുന്നത്. എന്നല്ല അയാൾ ഈ ഉമ്പടിയുടെ അടിസ്ഥാനത്തിലും ഏതൊരു ജനാധിപത്യ ഭരണമാണോ മദീനയിൽ സ്ഥാപിക്കപ്പെട്ടത് അതിന്റെ പ്രസിഡന്റ് നബി(സ)തിരുമേനിയായിരിക്കുമെന്നും അംഗീകരിച്ചിരുന്നു. ഏതു തരത്തിലുള്ള കലഹങ്ങൾ ഉണ്ടായാലും അവിടത്തെ തീരുമാനം എല്ലാവർക്കും നിർബന്ധമായും ബാധകമായിരിക്കുമെന്നും അംഗീകരിച്ചിരുന്നു. ചരിത്രത്തിൽനിന്ന് സ്ഥാപിതമാകുന്നത് ഈ ഉടമ്പടി അനുസരിച്ച് യഹൂദികൾ തങ്ങളുടെ കേസുകൾ പലതും നബി(സ)തിരുമേനിയുടെ സന്നിധിയിലായിരുന്നു സമർപിക്കാറുണ്ടായിരുന്നത്. അവിടന്ന് അതിൽ തീർപുകല്പിക്കുമായിരുന്നു.

എന്നാൽ, കഅ്ബ് എല്ലാ കരാറുകളും കാറ്റിൽ പറത്തിക്കൊണ്ട് മുസ്‌ലിമീങ്ങളോടെന്നല്ല, യഥാർഥത്തിൽ ഭരണകൂടത്തോടാണ് വിശ്വാസവഞ്ചന കാണിച്ചത്. മദീനയിൽ കുഴപ്പങ്ങളുടേയും കലഹങ്ങളുടേയും വിത്ത് വിതയ്ക്കുകയും രാജ്യത്ത് കോപാഗ്നി പടർത്താൻ ശ്രമിക്കുകയും ചെയ്തു. മുസ്‌ലിമീങ്ങൾക്കെതിരിൽ അറബ് ഗോത്രങ്ങളെ ഭയാനകമായ നിലയിൽ ഇളക്കിവിട്ടു. നബി(സ)തിരുമേനിയെ വധിക്കാനും ശ്രമിച്ചു. ഈ പരിതഃസ്ഥിതിയിൽ കഅ്ബിന്റെ കുറ്റം എന്നല്ല ഒരുപാട് കുറ്റകൃത്യങ്ങളുടെ കൂട്ടം എങ്ങനെയാളളതായിരുന്നുവെന്നാൽ അയാൾക്കെതിരിൽ എന്തെങ്കിലും ശിക്ഷാ നടപടി സ്വീകരിക്കേണ്ടത് നിർബന്ധമായിരുന്നു. യഹൂദികളുടെ ഈ കുറ്റകൃത്യങ്ങളെ കുറയ്ക്കാൻ വധശിക്ഷയല്ലാതെ മറ്റെന്തെങ്കിലും പരിഹാരമാകുമോ? ഇന്ന് സംസ്കാര സമ്പന്നരെന്നു പറയപ്പെടുന്ന രാജ്യങ്ങളിൽ രാജ്യദ്രോഹം, കരാർ ലംഘനം, പ്രകോപനപരമായ പെരുമാറ്റങ്ങൾ, വധശ്രമം തുടങ്ങിയവയിലേർപ്പെട്ടിരിക്കുന്ന കുറ്റവാളികൾക്ക് വധശിക്ഷ നൽകാറില്ലേ?

ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) സാഹിബ് എഴുതുന്നു: 'ഇനി കഅ്ബിന്റെ വധം നടപ്പിലാക്കിയ രീതി ശരിയാണോ അല്ലേ എന്നുള്ള ചോദ്യമാണ്. അറേബ്യയിൽ നിയമാനുസൃതം ഒരു ഭരണവ്യവസ്ഥിതി നിലവിലില്ലായിരുന്നു. മറിച്ച് ഓരോ ഗോത്രവും സ്വതന്ത്രരും സ്വയം ഭരണാവകാശമുള്ളവരുമായിരുന്നു. ഇത്തരം സാഹചര്യത്തിൽ കഅ്ബിനെതിരെ കേസു നൽകുവാനും നിയമപരമായി വധശിക്ഷക്കു വിധിക്കുവാനും ഏതു കോടതിയാണുണ്ടായിരുന്നത്? യഹൂദികളുടെ പക്കൽ-അവരുടെ നേതാവിയിരുന്നല്ലോ അയാൾ- അയാളെ കുറിച്ച് പരാതിപ്പെടണമായിരുന്നോ? അവരാണെങ്കിൽ സ്വയം മുസ്‌ലിമീങ്ങളോടു വഞ്ചന കാണിച്ചുകഴിഞ്ഞതുമാണ്. നിത്യവും ഫിത്നകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയുമാണ്. മുസ്‌ലിമീങ്ങളുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്ന മക്കയിലെ ഖുറയ്ശികളുടെ മുമ്പിൽ പരാതികൊടുക്കണമായിരുന്നുവെന്നാണോ പറയുന്നത്? മദീനയുടെമേൽ കഴിഞ്ഞ കുറഞ്ഞ മാസത്തിനുള്ളിൽ മൂന്നുനാലുവട്ടം ആക്രമണം നടത്താൻ തയ്യാറെടുപ്പ് നടത്തിക്കഴിഞ്ഞിരുന്ന സുലയിം, ഗത്ഫാൻ ഗോത്രക്കാരോടു നീതിതേടണമായിരുന്നോ?

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഇനി ചിന്തിക്കുക! ഒരു വ്യക്തിയുടെ പ്രകോപനപരവും യുദ്ധത്തിനും കലഹത്തിനും കൊല്ലാനുമുള്ള ആഹ്വാനവും കാരണത്താൽ ജനങ്ങളുടെ ജീവിതത്തിനും രാജ്യത്തിന്റെ സമാധാനത്തിനും മുസ്‌ലിമീങ്ങൾക്കും ഭീഷണിയായിത്തീരുമ്പോൾ സംരക്ഷണാർഥം അവസരം നോക്കി അയാളെ വധിക്കുക എന്നതല്ലാതെ മറ്റേതുമാർഗമാണുള്ളത്? കാരണം സമാധാനപ്രേമികളായ നിരവധി ആളുകൾ ഭീഷണിയിൽ ആകുകയും സമാധാനം ഇല്ലാതാകുകയും ചെയ്യുന്നതിനെക്കാൾ ഉത്തമമാണ് ഒരു ദ്രോഹിയും കുഴപ്പമുണ്ടാക്കുകയും


**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ചെയ്യുന്നവനായ വ്യക്തി വധിക്കപ്പെടുക എന്നത്.

ഹിജ്റത്തിനുശേഷം മുസ്‌ലിമീങ്ങൾക്കും യഹൂദികൾക്കുമിടയിലുണ്ടായ ഉടമ്പടി മുഖേന നബി(സ)തിരുമേനിക്ക് വെറുമൊരു നഗരവാസി എന്ന സ്ഥാനമല്ലായിരുന്നു ഉണ്ടായിരുന്നത്. മറിച്ച് മദീനയിലുണ്ടായിരുന്ന ആ ജനാധിപത്യ ഭരണവ്യവസ്ഥിതിയുടെ പ്രസിഡന്റ് എന്ന പദവി അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നു. നബി(സ) തിരുമേനിക്ക് എല്ലാതരം പ്രശ്നങ്ങളിലും രാഷ്ട്രീയപരമായ കാര്യങ്ങളിലും ഉചിതമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കല്പ്പിക്കുവാനുള്ള അധികാരം ഉണ്ടായിരുന്നു. അതുകൊണ്ട് രാജ്യത്തിന്റെ സമാധാനാന്തരീക്ഷത്തിനു ഗുണകരമെന്നു കണ്ടുകൊണ്ടാണ് കുഴപ്പം സൃഷ്ടിച്ചുകൊണ്ടിരുന്ന കഅ്ബിന് വധശിക്ഷ വിധിച്ചത്.

അതുകൊണ്ട് ഈ വധശിക്ഷ വിധിച്ചതിൽ ഒരു തരത്തിലുള്ള ആക്ഷേപത്തിനും ഇടമില്ല. ചരിത്രത്തിൽനിന്ന് ഇതു സ്ഥാപിതവുമാകുന്നുണ്ട്. യഹൂദികൾത്തന്നെ കഅ്ബിന്റെ ശിക്ഷ അയാളുടെ കുറ്റകൃത്യങ്ങളുടെ വെളിച്ചത്തിൽ നിർബന്ധമായിരുന്നുവെന്ന് മനസ്സിലാക്കി മൗനം പാലിച്ചു. വധശിക്ഷ വിധിക്കുന്നതിനുമുമ്പേ യഹൂദികളെ വിളിച്ച് കഅ്ബിന്റെ കുറ്റം കേൾപ്പിക്കുകയും ന്യായപൂർത്തി വരുത്തിയതിനുശേഷം ഔദ്യോഗികമായും പരസ്യമായും കല്പന പുറപ്പെടുവിക്കുകയും ആയിരുന്നില്ലെ വേണ്ടിയിരുന്നതെന്നുമാണ് ആക്ഷേപമെങ്കിൽ അതിനുള്ള മറുപടി ഇതാണ്: ആ നേരത്ത് അവസ്ഥകൾ പൂർണമായും വ്യാകീർണവും സങ്കീർണവും ആയിത്തീർന്നിരുന്നു. ഇപ്പറഞ്ഞ രീതി അവലംബിക്കുമ്പോൾ ജനതകൾക്കിടയിലെ അരക്ഷിതാവസ്ഥ വർധിക്കാനിടയുണ്ടായിരുന്നു. മദീനയിൽ രക്തപ്പുഴ ഒഴുകുംവിധം ആഭ്യന്തരകലഹം പൊട്ടുപുറപ്പെടുമായിരുന്നു. അതിനാൽ ഈ പ്രവൃത്തികൾപോലെ–അത് വേഗത്തിലും നിശബ്ദതയോടുകൂടിയും ചെയ്യുന്നത് ഫലപ്രദമായിരുന്നു– പൊതുജനങ്ങളുടെ സമാധാനവും ശാന്തിയും മാനിച്ച് കഅ്ബിന്റെ വധശിക്ഷ നിശബ്ദമായി നടപ്പിൽ വരുത്തുന്നതായിരിക്കും നല്ലതെന്ന് നബി(സ)തിരുമേനി മനസ്സിലാക്കി. എന്നാൽ, അതിൽ ഒരു തരത്തിലുള്ള വഞ്ചനയുമില്ലായിരുന്നു. ഇത് എന്നെന്നും രഹസ്യമായിത്തന്നെ ഇരിക്കണമെന്നും നബി(സ)തിരുമേനി ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടാണല്ലോ രണ്ടാം ദിവസം യഹൂദ സംഘം നബി(സ)തിരുമേനിയുടെ അടുത്തെത്തിയത്. അവിടന്നാണങ്കിൽ ഒട്ടും അമാന്തിക്കാതെ ക്ഷണത്തിൽ കാര്യങ്ങളൊക്കെ അവരോടു പറയുകയും ചെയ്തു. അതിന്റെ പൂർണ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തുകൊണ്ട് ഇതിൽ ഒരു ചതിയുമില്ലെന്ന് സ്ഥാപിക്കുകയും ചെയ്തു. കഅ്ബിന്റെ ഭയാനകമായ ഇന്ന ഇന്ന കുറ്റകൃത്യങ്ങൾ കാരണങ്ങളുടെ അടിസ്ഥാനത്തിലാണ് കഅ്ബിനെ സംബന്ധിച്ച് ഈ ശിക്ഷ ആസൂത്രണം ചെയ്തതെന്ന് പറയുകയും ചെയ്തു.

മറ്റൊരു ആക്ഷേപമുള്ളത്, നബി(സ)തിരുമേനി ആ സന്ദർഭത്തിൽ തന്റെ അനുചരന്മാർക്ക് കളവു പറയുവാനും വഞ്ചിക്കുവാനുമുള്ള അനുമതി നൽകിയെന്നാണ്. ഇക്കാര്യം തികച്ചും തെറ്റാണ്, ശരിയായ നിവേദനങ്ങളിൽ ഇതു നിഷേധിക്കുന്നുമുണ്ട്. ബുഖാരിയിലെ നിവേദനപ്രകാരം മുഹമ്മദ് ബിൻ മസ്‌ലമ നബി(സ) തിരുമേനിയോട് കഅ്ബിനെ രഹസ്യമായി വധിക്കുന്നതിന് എന്തെങ്കിലും ഉപായം കണ്ടെത്തണമെന്നു പറഞ്ഞപ്പോൾ നബി(സ)തിരുമേനി അയാളെ രഹസ്യമായി വധിക്കുന്നതിലുള്ള വലിയ പ്രയോജനം മനസ്സിലാക്കിക്കൊണ്ട്, 'അതെ' എന്നു മാത്രമാണ് മറുപടി പറഞ്ഞത്. അതിൽ കൂടുതൽ നബി(സ)തിരുമേനിയിൽനിന്നോ മുഹമ്മദ് ബിൻ മസ്‌ലമയുടെ ഭാഗത്തുനിന്നോ ഒരുവിധ വിശദീകരണവും വ്യക്തതയും അതിനു നൽകപ്പെട്ടിട്ടില്ല. യുദ്ധത്തിൽ ചാരന്മാരെ ഉപയോഗിക്കുമ്പോൾ അവരുടെ കടമ നിറവേറ്റുന്നതിനുവേണ്ടി ഇത്തരത്തിലുള്ള കാര്യങ്ങൾ പറയേണ്ടിവരാറുണ്ട്. അക്കാര്യത്തിൽ ബുദ്ധിയുള്ള ആർക്കും ഒരു വിധ ആക്ഷേപവുമില്ല. ഏതായിരുന്നാലും നബി(സ) തിരുമേനിയുടെ അസ്തിത്വം പാവനമായതു തന്നെയാണ്. ബാക്കിയുള്ളത് മുഹമ്മദ് ബിൻ മസ്‌ലമ തുടങ്ങിയവരുടെ കാര്യമാണ്. അവർ അവിടെപ്പോയി ഇത്തരം കാര്യങ്ങൾ കർമപഥത്തിൽകൊണ്ടുവന്നു. അവരുടെ സംസാരത്തിലും യഥാർഥത്തിൽ സ്വഭാവത്തിനുനിരക്കാത്തതായ ഒന്നുംതന്നെയില്ല. അവർ യഥാർഥത്തിൽ സത്യത്തിനുനിരക്കാത്തതായ ഒന്നും ചെയ്തില്ല. എന്നല്ല തങ്ങളുടെ ദൗത്യം മുന്നിൽവച്ചുകൊണ്ട് കുറച്ചു വാക്കുകൾ തീർച്ചയായും ഉപയോഗിച്ചുവെന്നത് ശരിതന്നെയാണ്. വിവിധ അർഥങ്ങൾ ഉൾക്കള്ളുന്നതായ വാക്കുകൾ ഉപയോഗിച്ചു. അതല്ലാതെ വേറെ വഴിയില്ലായിരുന്നു. യുദ്ധാവസ്ഥകളിൽ ഒരു നല്ലതും സാത്വികവുമായ കാര്യത്തിനുവിധേയനായി സാധാരണവും വ്യക്തവുമായ സംസാരരീതിയിൽനിന്ന് ഇത്തരത്തിലുള്ള മറഞ്ഞ പിൻമാറ്റം ബുദ്ധിമാനും വിശ്വസ്തനുമായ ആളുടെ പക്കൽ ആക്ഷേപാർഹമാകുകയില്ല.

യുദ്ധത്തിൽ കളവു പറയലും വഞ്ചന കാണിക്കലും അനുവദനീയമാണോ എന്ന് ചിലർ ചോദിക്കാറുണ്ട്. നബി(സ)തിരുമേനി ഇങ്ങനെ പറഞ്ഞിട്ടുള്ളതായി ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. *അൽഹർബു ഖുദ്അത്തുൻ* അതായത് യുദ്ധം ഒരു ചതിയാണ്. ഇതിൽനിന്ന് നബി(സ)തിരുമേനി യുദ്ധത്തിൽ ചതി അനുവദനീയമാക്കിയിരിക്കുന്നു എന്ന തെറ്റായ അനുമാനത്തിൽ അവർ എത്തുന്നു. വാസ്തവത്തിൽ അൽഹർബു ഖുദ്അത്തുൻ എന്നതിനർഥം യുദ്ധത്തിൽ ചതി അനുവദനീയമാണെന്നല്ല. മറിച്ച് യുദ്ധമെന്നതു തന്നെ വഞ്ചനയാണ് എന്നാണ്. അതായത് യുദ്ധത്തിന്റെ ഫലത്തെ സംബന്ധിച്ച്, എന്താകുമെന്ന് ഒന്നും പറയാൻ പറ്റുകയില്ല. ഈ അർഥങ്ങളുടെ തെളിവ് നോക്കുമ്പോൾ ഈ നിവേദനം രണ്ടു തരത്തിൽ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നതായി കാണാം. ഒരു നിവേദനത്തിലുള്ള വാക്കുകൾ ഇതാണ്: നബി(സ) തിരുമേനി പറഞ്ഞു, അൽഹർബു ഖുദ്അത്തുൻ അതായത് യുദ്ധം ഒരു വഞ്ചനയാണ്. രണ്ടാമത്തെ നിവേദനത്തിലുള്ളത് സമ്മൽ ഹർബു ഖുദ്അത്തുൻ അതായത് നബി(സ)തിരുമേനി യുദ്ധത്തിന്റെ പേര് വഞ്ചന എന്ന് വെച്ചിരിക്കുന്നു. അൽഹർബു ഖുദ്അത്തുൻ അതായത് രണ്ടുംകൂടി ചേർത്തുവായിക്കുമ്പോൾ കിട്ടുന്ന ഫലം യുദ്ധത്തിൽ വഞ്ചനചെയ്യുന്നത് അനുവദനീയമാണെന്നല്ല അവിടത്തെ ഉദ്ദേശ്യമെന്നാണ്. എങ്കിലും തീർച്ചയായും ഇവിടെ വഞ്ചനകൊണ്ട് യുദ്ധപരമായ തന്ത്രങ്ങളും ഉപായങ്ങളുമാണ് ഉദ്ദേശ്യം. കളവും ചതിയും ഒരിക്കലും ഉദ്ദേശ്യമല്ല. കാരണം ഇവിടെ ഖുദ്അത്തുൻ എന്നതുകൊണ്ടുള്ളഉദ്ദേശ്യം യുദ്ധത്തിലെ തന്ത്രങ്ങളും ഉപായങ്ങളുമാണ്. കളവും ചതിയുമല്ല. പറഞ്ഞതിന്റെ ഉദ്ദേശ്യം യുദ്ധത്തിൽ തങ്ങളുടെ ശത്രുവിനെ ഏതെങ്കിലും തന്ത്രമോ ഉപായമോ കൊണ്ട് അശ്രദ്ധരാക്കി കീഴടക്കുക എന്നതാണ്. പരാജയപ്പെടുത്തുക എന്നത് വിരോധമല്ല.

ഇനി സൈനിക തന്ത്രങ്ങൾക്കും വ്യത്യസ്ത രീതികളുണ്ട്. ഉദാഹരണമായി ശരിയായ നിവേദനങ്ങളിൽ നിന്ന് മനസ്സിലാകുന്നത് നബി(സ) തിരുമേനി ഏതെങ്കിലും ദൗത്യനിർവഹണത്തിനായി പുറപ്പെടുമ്പോൾ സാധാരണ തങ്ങളുടെ ലക്ഷ്യസ്ഥാനത്തെക്കുറിച്ച് പറയാറുണ്ടായിരുന്നില്ല എന്നാണ്. ചിലപ്പോൾ ദക്ഷിണദിക്കിലേക്കാണു പോകേണ്ടതെങ്കിൽ ആദ്യം ഉത്തരദിക്കിലേക്കു നീങ്ങുമായിരുന്നു. അതിനുശേഷം കറങ്ങിത്തിരിഞ്ഞ് ദക്ഷിണ ദിക്കിലേക്കെത്തുമായിരുന്നു. അതുപോലെതന്നെ എവിടെ നിന്നാണു വരുന്നതെന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ മദീനയുടെ പേരു പരാമർശിക്കാതെ തൊട്ടടുത്തുള്ള താവളത്തിന്റെ പേരു പറയുമായിരുന്നു. ഇത്തരത്തിൽ ഉചിതമായ യുദ്ധതന്ത്രങ്ങൾ പ്രയോഗിക്കുമായിരുന്നു. വിശുദ്ധ ഖുർആനിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ സ്വഹാബാക്കൾ ചില അവസരങ്ങളിൽ ശത്രുക്കളെ അശ്രദ്ധരാക്കുന്നതിനുവേണ്ടി യുദ്ധമൈതാനത്തുനിന്ന് പിൻമാറിക്കളയുമായിരുന്നു. പിന്നീട് ശത്രുക്കൾ അശ്രദ്ധരാകുകയും അണികൾ ശിഥിലമായിത്തീരുകയും ചെയ്യുമ്പോൾ പൊടുന്നനെ ആക്രമണം നടത്തും. ഇതെല്ലാം ഖുദ്അത്തുൻ എന്നതിൽ പെടുന്നതും യുദ്ധാവസരത്തിൽ അനുവദനീയമായവയുമാണ്. എന്നാൽ, കളവ്, വിശ്വാസവഞ്ചന കാണിക്കുക തുടങ്ങിയവയെ ഇസ്‌ലാം കഠിനമായി വിലക്കിയിരിക്കുന്നു. നബി(സ)തിരുമേനി പൊതുവെ പറയാറുണ്ടായിരുന്നു, ഇസ്‌ലാമിൽ അല്ലാവിന് പങ്കുകാരെ വെക്കുക, മാതാപിതാക്കളുടെ അവകാശങ്ങൾ ധ്വംസിക്കുക, എന്നിവയ്ക്കുശേഷം മൂന്നാമത്തെ നമ്പറിലുള്ള വൻപാപമാണ് കളവ് പറയൽ. ഇപ്രകാരംതന്നെ പറയുമായിരുന്നു, സത്യവിശ്വാസവും ഭീരുത്വവും ഒരിടത്ത് ഒരുമിച്ചു കൂടാവുന്നതാണ്. പക്ഷേ, സത്യവിശ്വാസവും കളവും ഒരിക്കലും ഒരുമിച്ചു കൂടുകയില്ല. വഞ്ചനയേയും രാജ്യദ്രോഹത്തേയും കുറിച്ച് പറയുമായിരുന്നു, ആരാണോ രാജ്യദ്രോഹം ചെയ്യുന്നത് അവൻ ഖിയാമത്തുന്നാളിൽ അല്ലാഹുവിന്റെ കഠിനമായ പിടിത്തത്തിലായിരിക്കും. ചുരുക്കത്തിൽ യുദ്ധാവസരത്തിൽ ഏതൊരു തരത്തിലുള്ള ഖുദ്അത്തിനാണോ അനുവാദം നല്കിയിട്ടുള്ളത് അത് യഥാർഥ ചതിയും വഞ്ചനയുമല്ല. പ്രത്യുത അതുകൊണ്ടുദ്ദേശിക്കു

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'***

***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**

**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

ന്നത് യുദ്ധത്തിൽ ഉപയോഗിക്കുന്ന തന്ത്രങ്ങളാണ്. അത് ശത്രുക്കളെ അശ്രദ്ധരാക്കുന്നതിനും അല്ലെങ്കിൽ അവരെ പരാജയപ്പെടുത്തുന്നതിനും അവലംബിക്കുന്നതാണ്. അത് ചില ഘട്ടങ്ങളിൽ ബാഹ്യമായ നിലയിൽ കളവും ചതിയുമായി മനസിലാക്കപ്പെടാവുന്നതാണ്. എന്നാൽ, യഥാർഥത്തിൽ അത് കളവാകുകയില്ല. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബെഴുതുന്നു: 'നമ്മുടെ അഭിപ്രായത്തിൽ താഴെ കൊടുക്കുന്ന ഹദീഥ് അതിന് തെളിവാണ്. ആ ഹദീഥ് ഇതാണ്: ഹദ്റത്ത് ഉമ്മുകുൽഥൂം ബിൻത് ഉഖ്ബ നിവേദനം: ഞാൻ നബി(സ) തിരുമേനി കേവലം മൂന്നു അവസരത്തിൽമാത്രമാണ് അങ്ങനെ ചെയ്യാൻ അനുവദിച്ചതായി കേട്ടിട്ടുള്ളത്. അത് യഥാർഥത്തിൽ കളവാകുകയില്ല. എന്നാൽ, സാധാരണക്കാർ പൊതുവെ അതിനെ കളവായി മനസ്സിലാക്കുന്നു. ഒന്നാമത്തേത് യുദ്ധമാണ്. രണ്ടാമത്തേത് കലഹിച്ച രണ്ടുപേർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുന്ന അവസരമാണ്. മൂന്നാമത്തേത് പുരുഷൻ തന്റെ ഭാര്യയോടും അല്ലെങ്കിൽ ഭാര്യ തന്റെ ഭർത്താവിനോടും ഒരു കാര്യം പറഞ്ഞുതെറ്റുകയും അവരെ തമ്മിൽ ഐക്യത്തിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന അവസരം. എല്ലാ അവസ്ഥയിലും നിയ്യത്ത് നല്ലതായിരിക്കേണ്ടതാണ്. അല്ലെങ്കിൽ സദുദ്ദേശ്യം കരസ്ഥമാകേണ്ടതാണ്.

ഈ ഹദീഥ് ഒരു സംശയത്തിനും ഇടയില്ലാത്തവിധം വിളിച്ചോതുന്നത് ഏതു വിധത്തിലുള്ള ഖുദ്അത്താണോ യുദ്ധത്തിൽ അനുവദനീയമായിട്ടുള്ളത് അതുകൊണ്ടുള്ള ഉദ്ദേശ്യം കളവും ചതിയുമല്ലെന്നാണ്. പ്രത്യുത ചില ഘട്ടങ്ങളിൽ യുദ്ധത്തിൽ ഉപയോഗിക്കപ്പെടുന്ന യുദ്ധതന്ത്രങ്ങളും ഉപായങ്ങളുമാണ്. അത് എല്ലാ ജനതയിലും മതത്തിലും അനുവദനീയമായി മനസ്സിലാക്കപ്പെടുന്നു.

കഅ്ബ് ബിൻ അശ്റഫിനെക്കുറിച്ച് പറഞ്ഞതിനുശേഷം ഇബ്നുഹിശാം ഈ നിവേദനം പകർത്തിയിരിക്കുന്നു. കഅ്ബിന്റെ വധത്തിനുശേഷം നബി(സ)തിരുമേനി സ്വഹാബത്തിനോടു പറഞ്ഞു, ഏതൊരു യഹൂദിയേയും നിങ്ങൾ കീഴ്പ്പെടുത്തിയാൽ അവനെ വധിച്ചു കളയുക. മുഹ്യിസ്വ എന്നുപേരുള്ള സ്വഹാബി ഒരു യഹൂദിയുടെമേൽ ആക്രമണം നടത്തി അയാളെ വധിച്ചു. ഈ നിവേദനം അബൂദാവൂദ് പകർത്തിയിട്ടുണ്ട്. രണ്ടു നിവേദനങ്ങളുടേയും ഉറവിടം ഇബ്നു ഇസ്ഹാഖാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഹദീഥ് പരിശോധനയുടെ അറിവിന്റെ അടിസ്ഥാനത്തിൽ ഈ നിവേദനം ദുർബലവും അവിശ്വസനീയവുമാണ്. നബി(സ)തിരുമേനി ഇങ്ങനെ ഒരിക്കലും പറഞ്ഞിട്ടില്ല. കാരണം ഇബ്നുഹിശാം ഒരുവിധ സനദും(പ്രമാണം) കൂടാതെയാണ് ഇതെഴുതിയിട്ടുള്ളത്. ഒരു തെളിവുമില്ലതന്നെ. അബൂദാവൂദ് നല്കിയിട്ടുള്ള സനദ് ദുർബലവും ബലഹീനവുമാണ്. ഈ സനദിൽ ഇബ്നുഇസ്ഹാഖ് വിവരിക്കുന്നത്, ഞാൻ ഈ സംഭവം സയ്ദ് ബിൻ ഥാബിത്തിന്റെ മോചിപ്പിക്കപ്പെട്ട ഒരു അടിമയിൽനിന്ന് കേട്ടുവെന്നാണ്. പേരറിയാത്ത ഈ അടിമ ആരാണെന്ന് അറിയുകയില്ല. ഇയാളുടെ പേര് Known ഉം അല്ല. മുഹയ്സ്വയുടെ പേരറിയാത്ത ഒരു പെൺകുട്ടിയിൽനിന്നാണ് കേട്ടത്. അദ്ദേഹം ഒരു പെൺകുട്ടിയുടെ നിവേദനമാണ് നല്കുന്നത്. അവളുടെ പേരാണെങ്കിൽ അറിയുകയുമില്ല. നിവേദനങ്ങളിൽനിന്ന് അതാരാണെന്ന് മനസിലാകുന്നതുമില്ല. ആ പെൺകുട്ടി അവളുടെ പിതാവിൽനിന്നാണത്രെ അത് കേട്ടത്. രണ്ടു നിവേദകരുടേയും പേരറിയാത്ത, അവരുടെ പേരുതന്നെ അറിയാത്തതാകുമ്പോൾ അതൊരിക്കലും സ്വീകാരാർഹമല്ലെന്ന് ഓരോരുത്തർക്കും മനസ്സിലാക്കാവുന്നതാണ്. നിവേദനത്തിന്റെ അടിസ്ഥാനത്തിലും ചിന്തിക്കുകയാണെങ്കിൽ ഈ കഥ ശരിയാണെന്ന് സ്ഥാപിതമാകുകയില്ല. കാരണം നബി(സ)തിരുമേനിയുടെ സാധാരണ കർമരീതി ഇത്തരത്തിൽ പൊതുവായി കല്പന പുറപ്പെടുവിക്കുക എന്നത് തികച്ചും കളവാക്കുന്നതാണ്. ഇതിനുപുറമെ ഇതൊരു സാധാരണ കല്പനയായിരുന്നെങ്കിൽ തീർച്ചയായും ഇതിന്റെ ഫലമായി നിരവധി വധങ്ങൾ നടക്കുമായിരുന്നു. എന്നാൽ, നിവേദനത്തിൽ ഒരാൾ മാത്രമെ വധിക്കപ്പെട്ടിട്ടുള്ളുവെന്നാണ് പറയുന്നത്. അത് തെളിയിക്കുന്നത് ഇത് പൊതുവായ കല്പന ആയിരുന്നില്ലെന്നാണ്. പിന്നീട് ശരിയായ നിവേദനങ്ങളിൽനിന്ന് സ്ഥാപിതമാകുന്നത് രണ്ടാം ദിവസംതന്നെ യഹൂദികളുമായി പുതിയ ഉടമ്പടി നടന്നുവെന്നാണ്. അപ്പോൾപ്പിന്നെ ഈ ഉടമ്പടി നിലനില്ക്കെ ഇത്തരം കല്പന പുറപ്പെടുവിച്ചു എന്നത് അംഗീകരിക്കാൻ ഒരു നിർവാഹവുമില്ല. അങ്ങനെയുണ്ടായിരുന്നെങ്കിൽ യഹൂദികൾ അടങ്ങിയിരിക്കുമായിരുന്നില്ല. എന്നാൽ, യഹൂദികളിൽനിന്ന് ഇക്കാര്യത്തിൽ എന്തെങ്കിലും പ്രതികരണമുണ്ടായതായി വ്യക്തമാകുന്നില്ല. അതിനാൽ നിവേദനത്തിലൂടേയും ബുദ്ധിവിചാരണയിലൂടേയും ഈ കഥ തെറ്റാണെന്ന് സ്ഥാപിതമാകുന്നു. ഇതിൽ എന്തെങ്കിലും കുറച്ചു യാഥാർഥ്യം മനസ്സിലാകുന്നുണ്ടെങ്കിൽ അത് ഇത്രമാത്രമാണ്; കഅ്ബ് ബിൻ അശ്റഫിന്റെ വധത്തിനുശേഷം മദീനയിൽ ഒരു ബഹളമുണ്ടായി. യഹൂദികൾ കോപാകുലരായി. ആ നേരത്ത് നബി(സ)തിരുമേനി യഹൂദികളിൽനിന്ന് അപകടമുണ്ടാകുമെന്ന് കരുതി ഇങ്ങനെ സ്വഹാബത്തിനോടു പറഞ്ഞിട്ടുണ്ടാകും എന്നത് അനുമാനം മാത്രമാണ്. ഇത് സാധ്യതമാത്രമാണ്. ഖണ്ഡിതമായ തെളിവൊന്നും അതിനില്ല. ഏത് യഹൂദയിൽനിന്നാണോ നിങ്ങൾക്ക് ഭീഷണിയുള്ളത് നിങ്ങളെ ആക്രമിക്കുകയാണെങ്കിൽ പ്രതിരോധിച്ചുകൊണ്ട് അയാളെ വധിക്കുക. എന്നാൽ, മനസ്സിലാകുന്നത് ഈ അവസ്ഥ കുറച്ചു മണിക്കൂറുകൾ മാത്രമായിരുന്നുവെന്നാണ്. ഇനി ഈ സാധ്യത പരിഗണിക്കുകയാണെങ്കിൽത്തന്നെ ഈ അവസ്ഥ കുറച്ചു മണിക്കൂറുകൾ മാത്രമായിരുന്നുവെന്നാണ്. കാരണം അതിനുശേഷം ഉടമ്പടി നടന്നു. കാരണം രണ്ടാം ദിവസംതന്നെ യഹൂദികളുമായി ഉടമ്പടി ചെയ്ത് സമാധാനത്തിന്റേയും രക്ഷയുടേയും അവസ്ഥ ഉണ്ടായി.

പിന്നീട് അദ്ദേഹം എഴുതുന്നു: കഅ്ബ് ബിൻ അശ്റഫിന്റെ വധത്തിന്റെ തിയതിയെ സംബന്ധിച്ച് അഭിപ്രായഭിന്നതകളുണ്ട്. ഇബ്നു സഅ്ദ് ഹിജ്റ മൂന്ന് റബീഉൽ അവ്വലിൽ ആണെന്ന് വിവരിക്കുന്നു. പക്ഷേ, ഇബ്നുഹിശാം പറയുന്നത് സയ്ദ് ബിൻ ഹാരിഥയുടെ യുദ്ധ നടപടിക്കു ശേഷമായിരുന്നുവെന്നാണ്. അത് ജമാദുൽ ആഖറിലാണെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഹദ്ത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: ഞാൻ ഇവിടെ ഇബ്നുഹിശാമിന്റെ ക്രമമാണ് അടിസ്ഥാനമാക്കിയിട്ടുള്ളത്(സീറത്തു ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ് മദ്(റ)പേജ് 466–467)

എന്തായാലും ഇനി ഒന്നുരണ്ടു സംഭവംകൂടിയുണ്ട്. അത് ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 10ൽനിന്ന്)

ത്താണ്. ലോകചരിത്രത്തിന് അതിന്റെ ഉദാഹരണം പറയാൻ കഴിയുകയില്ല; സമർപിക്കാനും കഴിയുകയില്ല.

എല്ലാ ഓരോ വ്യക്തിയും തങ്ങളുടെ ദുഃസ്വഭാവങ്ങൾ കൈവെടിഞ്ഞ് നിന്ദ്യമായ ശീലം വിട്ട് സൽസ്വഭാവങ്ങൾ സ്വീകരിക്കുന്നുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. അയാളെ സംബന്ധിച്ചിടത്തോളം അയാളുടെ കറാമത്ത് (അമാനുഷികത) അതാണ്. ഉദാഹരണത്തിന് വളരെയധികം കോപാതുരമായ സ്വഭാവവും ദോഷവുമുള്ളയാൾ ആ ദുശ്ശീലത്തെ ഉപേക്ഷിക്കുന്നു. വിനയവും വിട്ടുവീഴ്ചയും സ്വീകരിക്കുന്നു. അല്ലെങ്കിൽ ലുബ്ധത ഉപേക്ഷിച്ച് ധർമം ചെയ്യാൻ തുടങ്ങുന്നു. അസൂയയ്ക്ക് പകരം സഹതാപം കരസ്ഥമാക്കുന്നു. ഇത് കറാമത്താണെന്നതിൽ സംശയമില്ല. ഇപ്രകാരംതന്നെ പൊങ്ങച്ചവും സ്വാർഥതയും വിട്ട് എളിമയും വിനയവും കൈക്കൊള്ളുമ്പോൾ, ആ എളിമതന്നെയാണ് കറാമത്ത്. കറാമത്തുള്ളവൻ ആകാതിരിക്കാൻ ആഗ്രഹിക്കുന്ന ആരാണ് നിങ്ങളിലുള്ളത്. എനിക്കറിയാം. എല്ലാവരും ഇത് ആഗ്രഹിക്കുന്നുണ്ട്. അപ്പോൾ മനുഷ്യന്റ സ്വഭാവപമായ അവസ്ഥയെ ശരിയാക്കുക എന്നതുതന്നെയാണ് തുടർച്ചയായുള്ളതും ജീവസുറ്റതുമായ കറാമത്ത്. കാരണം ഇതെങ്ങനെയുള്ള കറാമത്താണെന്നാൽ അതിന്റെ സ്വാധീനം ഒരിക്കലും മങ്ങിപ്പോകുകയില്ല. എന്നല്ല അതിന്റെ ഗുണം ദൂരവരെ എത്തുകയും ചെയ്യും. സത്യവിശ്വാസി (മുഅ്മിൻ) സൃഷ്ടികളുടേയും സ്രഷ്ടാവിന്റേയും മുമ്പിൽ കറാമത്തുള്ളവാനയിത്തീരേണ്ടതാണ്. ഒരുപാട് തെമ്മാടികളേയും വൃത്തികെട്ടവരേയും കണ്ടിട്ടുണ്ട്; അവർ അമാനുഷികമായ ഒരു അടയാളത്തിലും വിശ്വസിക്കുന്നവരല്ല. പക്ഷേ, സൽസ്വഭാവപരമായ അവസ്ഥ കണ്ട് അവരും തലകുനിച്ചിട്ടുണ്ട്. അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുകയല്ലാതെ അവർക്ക് മറ്റൊരു വഴിയും കിട്ടിയില്ല. സൽസ്വഭാവപരമായ കറാമത്തു കണ്ടുകൊണ്ട് സത്യദീനിനെ സ്വീകരിച്ച ധാരാളമാളുകളെ ചരിത്രത്തിൽ കാണാൻ കഴയുന്നതാണ്.' (മൽഫൂദാത്ത്, വാള്യം 1, പേജ് 119–122, ഖാദിയാൻ 2018)

## ഹദീഥുന്നബവി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല.***
***(സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

ത്വാലിബെ ദുആ
P.Abdul Ameer
Sadr, Ahmadiyya jama'ath Pathapiriyam (Kerala)

## കലാമുൽ ഇമാം:–

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Mathottam (Kerala)

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 ഒക്ടോബർ 26 വെള്ളിയാഴ്ച (തുടർച്ച...)

ഹ്യൂസ്റ്റൺ ജമാഅത്ത് സ്വന്തം സെന്ററിലും കോംപ്ളക്സിലും ഒരു സുന്ദരമായ പൂന്തോട്ടം തയ്യാറാക്കിയിരുന്നു. ഇതിൽ വിവിധതരം ഫലവൃക്ഷങ്ങളും പൂക്കൾ പിടിക്കുന്ന ചെടികളും വെച്ചുപിടിപ്പിച്ചിട്ടുണ്ട്.

4.30–ന് ഹുദൂർ ഈ പൂന്തോട്ടത്തിലെത്തി ഒരു ചെടി നട്ടു. കൃഷിവിഭാഗം സെക്രട്ടറി പർവേസ് ഹസൻ ബാജ്‌വ സാഹിബിനോട് ഹുദൂർ ചോദിച്ചു: ഇവിടെ ഏതെല്ലാം ഫലവൃക്ഷങ്ങളാണുള്ളത്?

സെക്രട്ടറി സറാഅത്ത്: മാൾട്ട, ചെറിയ രൂപത്തിലുള്ള ഓറഞ്ച്, സബർ ജല്ലി, ജാപ്പനീസ് പഴം തുടങ്ങിയ ചെടികളാണ് ഇവിടെയുള്ളത്. കരിമ്പും തെങ്ങും ഈന്തപ്പനയും നട്ടിട്ടുണ്ട്.

**ഹുദൂർ:** അത്തിമരവും നടുക. പൌനാ ഗന്ന (ഒരുതരം കരിമ്പ്) എന്താണ് നടാത്തത്?

**ഹുദൂർ:** വിത്തുകൾ എവിടെയാണ് മുളപ്പിക്കുന്നത്?

സെക്രട്ടറി സറാഅത്ത്: സ്വന്തം വീട്ടിലാണ് മുളപ്പിക്കുന്നത്. ചെടി കൊണ്ടുവന്ന് ഇവിടെ നടുന്നു

**ഹുദൂർ:** ഞാനിപ്പോൾ നട്ട ചെടി ഏതാണ്?

സെക്രട്ടറി സറാഅത്ത്: ഇത് ഒരു പൂവ് ഉണ്ടാകുന്ന ചെടിയാണ്. ഒരു മരമായി ഇത് വളരും. വലിയ രൂപത്തിലുള്ള പൂവ് ഇതിൽ വിരിയും.

**ഹുദൂർ:** ഫലവൃക്ഷം നടേണ്ടതായിരുന്നു.

നാസിർ ഹഫീള് മലിക് സാഹിബിന്റെ ക്ഷണമനുസരിച്ച് ഹുദൂർ കുറച്ച് സമയത്തേക്ക് അദ്ദേഹത്തിന്റെ വീട്ടിൽപോയി. 2017 ആഗസ്റ്റിൽ ഹ്യൂസ്റ്റണിൽ കടൽകൊടുങ്കാറ്റ്(Hurricane) വീശിയടിച്ചിരുന്നു. അദ്ദേഹത്തിന്റെ വീട്ടിലും ധാരാളം വെള്ളം കയറിയിരുന്നു. 8 മാസം വരെ അദ്ദേഹത്തിന് മറ്റൊരു സ്ഥലത്ത് താമസിക്കേണ്ടി വന്നിരുന്നു.

**ഹുദൂർ** ഹഫീള് മലിക് സാഹിബിനോടു ചോദിച്ചു: വീട് ഇത്രയും ഉയരത്തിലായിരുന്നിട്ടും വെള്ളം കയറിയോ?

ഹഫീള് മലിക് സാഹിബ്: 'അതിശക്തമായ കൊടുങ്കാറ്റായിരുന്നു.' ഹുദൂർ അദ്ദേഹത്തിന്റെ വീട് നോക്കി കണ്ടു. വീടിന്റെ പിൻഭാഗത്തുള്ള പൂന്തോട്ടവും കണ്ടു. അതിൽ അനാർ, ലോക്കാട്ട്, ആഡു, മാൾടാ, ഗ്രേ ഫ്രൂട്ട്, നാരകം തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടിട്ടുണ്ടായിരുന്നു. അര മണിക്കൂർ അവിടെ ചെലവഴിച്ചതിനുശേഷം 5.40–ന് ഇവിടെനിന്ന് ഹുദൂർ മടങ്ങി. 6മണിക്ക് മസ്ജിദ് ബയ്ത്തുസ്സമീയിലെത്തിയ ഹുദൂർ കടുംബങ്ങളുമായി കൂടിക്കാഴ്ച നടത്തി.

## കുടുംബങ്ങളുമായുള്ള കൂടിക്കാഴ്ചകൾ

വൈകുന്നേരത്തെ സെഷനിൽ 52 കുടുംബത്തിൽ നിന്നുള്ള 236 പേർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. 11 വിവിധ ജമാഅത്തുകളിൽനിന്നുള്ളവരായിരുന്നു ഇവർ.

ഇവരിൽ നിന്ന് ചിലർ 1100 മൈൽദൂരം 15 മണിക്കൂർകൊണ്ട് താണ്ടിയാണ് എത്തിയത്. വിദ്യാർഥി വിദ്യാർഥിനികൾക്ക് ഹുദൂർ പേനയും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും എല്ലാവർക്കും അവസരം ലഭിച്ചു.

## അതിഥികളുടെ പ്രതികരണങ്ങൾ

ഹുദൂറുമൊത്ത് കൂടിക്കാഴ്ച നടത്തിയ റാനാ ഖമർ മുബാറക് സാഹിബ് പറയുന്നു: 'ഹുദൂറിനെ ജീവിതത്തിൽ ആദ്യമായിട്ടാണ് ഞാൻ കാണുന്നത്. ആറുവർഷം മുമ്പേ ഞങ്ങൾ പാക്കിസ്താനിൽ നിന്നാണ് ഇവിടെ വന്നത്. ടെക്സാസ് സംസ്ഥാനം അല്ലാഹുവിന്റെ ഖലീഫയുടെ കാലൽപാദം പതിഞ്ഞതു കാരണത്താൽ വളരെ സൗഭാഗ്യവതിയാണ്. വർധിച്ചു വരുന്ന അഹ്മദിയ്യത്തിന്റെ പുരോഗതി കണ്ടുകൊണ്ട് എനിക്ക് പറയാൻ കഴിയും, ഇൻശാ അല്ലാഹ് കാലത്തിന്റെ ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയ ഇന്ന വ്യക്തിയെ തങ്ങൾക്കറിയാമെന്ന് ജനങ്ങൾ പറയുന്ന ഒരു കാലം വരുന്നതാണ്. എം.ടി.എ മുഖേനയും അൽഫള്ൽ മുഖേനയും പ്രസിദ്ധീകൃതമാകുന്ന പ്രതികരണ റിപ്പോർട്ടുകൾ ഞാൻ വായിച്ചു വരാറുണ്ട്. കാലത്തിന്റെ ഖലീഫയുമായുള്ള കൂടിക്കാഴ്ചക്കുശേഷം അവർ അനുഭവിക്കുന്നത് അതിലുണ്ട്. ഈ അനുഗ്രഹത്തിൽ പങ്കുപറ്റാൻ ഇന്ന് അല്ലാഹു നമുക്കും ഭാഗ്യം തന്നിരിക്കുകയാണ്. ഹുദൂറിനെ കണ്ടതിനു ശേഷം വളരെ മുമ്പേ ഞങ്ങളെ അറിയാമെന്ന വികാരമാണ് ഞങ്ങൾക്ക് ഉണ്ടാകുന്നത്. ഹുദൂർ വളരെ സ്നേഹത്തോടെ നമ്മെ കാണുന്നു. അപ്പോൾ എല്ലാ പ്രയാസങ്ങളും ഞൊടിയിടൽ നീങ്ങിപ്പോകുന്നു. ഹൃദയം ശാന്തമാകുന്നു.

മറ്റൊരു സ്നേഹിതൻ അള്ഹർ ബിലാൽ ജട്ട് സാഹിബ് പറയുന്നു: 'അഞ്ചു വർഷം മുമ്പേ അമേരിക്കയിൽ എത്തിയതായിരുന്നു ഞാൻ. ആദ്യമായി ഹുദൂറിനെ കാണുന്ന ഞാൻ ആകാശത്ത് പറന്നു പോകുന്നതുപോലെ അനുഭവിക്കുന്നു. ഒരു അത്ഭുതസുഖം മനസ്സിൽ ചൂഴ്ന്നിറങ്ങുന്നു. ഈ അനുഗ്രഹവും ഈ ദിനവും മറ്റു അഹ്മദികൾക്കും പ്രാപ്തമാകുമാറാകട്ടെ.'

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'ഹുദൂർ വന്ന് പോകുന്നതു ഒരു നോക്ക് കാണാൻ ഞങ്ങൾ വരിവരിയായി നിന്നിരുന്നു. ടീവിയിൽ ധാരാളം പ്രാവശ്യം ഹുദൂറിനെ കണ്ടിട്ടുണ്ട്. എന്നാൽ, അടുത്ത് കണ്ടപ്പോൾ ഹുദൂറിന്റെ മുഖത്ത് എത്രമാത്രം പ്രകാശം നിഴലിച്ചുവെന്നാൽ ഞങ്ങളുടെ കണ്ണുകൾ ആദരവോടെ നമ്രമായി.

സെന്റ് ലൂയിസ് പട്ടണത്തിൽനിന്ന് വന്ന ഒരു ആഫ്രോ അമേരിക്കൻ നവഅഹ്മദി അത്താവുൽഹാദി സാഹിബ് പറയുന്നു:

ഏതാനും വർഷങ്ങൾക്കു മുമ്പേയാണ് ഞാൻ ബയ്അത്ത് ചെയ്തത്. ശേഷം എന്റെ ഭാര്യക്ക് ആ ഭാഗ്യം കിട്ടി. എന്റെ ഭാര്യയുടെ ആദ്യകൂടിക്കാഴ്ചയായിരുന്നു ഇത്. വളരെ പരിഭ്രമത്തിലായിരുന്നു അവൾ. എന്നാൽ, ഹുദൂറിനെ കാണാൻ ഓഫീസിലേക്ക് പ്രവേശിച്ചതും എല്ലാ പരിഭ്രമവും നീങ്ങുകയും മനസ്സ് ശാന്തിയിലേക്ക് പരിവർത്തനം ചെയ്യപ്പെടുകയും ചെയ്തു. ഒരു പ്രകാശം ഹുദൂറിൽനിന്ന് പുറപ്പെട്ട് അവളിലേക്ക് പ്രവേശിക്കുന്നതായി എനിക്ക് തോന്നിയിരുന്നു. ഒരു പ്രകാശത്തിന്റെ മുമ്പിൽ ഒരു പറവയുടെ വികാരമായിരുന്നു എനിക്ക്. ഈ ദൈവിക പ്രകാശത്തിന്റെ ഒരു ജ്വാല ഞാനിന്ന് സെന്റ് ലൂയിസിൽ എന്നോടൊപ്പം കൊണ്ടുപോകുകയാണ്. മറ്റുള്ളവർക്കും ഇതിൽനി ന്ന് ഫലമെടുക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'

അറ്റ്ലാന്റയിൽ നിന്ന് 12 മണിക്കൂർ നീണ്ട യാത്ര ചെയ്തെത്തിയ ദാബിർ അഹ്മദ് സാഹിബ് പറയുന്നു: 'ഹുദൂറിന്റെ ശോഭമയമായ മുഖം കാണുമ്പോൾ മനുഷ്യൻ സ്വയം കരഞ്ഞു പോകുന്നു. സ്വന്തം വികാരത്തിനുമേൽ നിയന്ത്രണം നഷ്ടപ്പെടുന്നു. ആലിംഗനം ചെയ്യണമെന്ന വികാരവും ഹുദൂർ പൂർത്തിയാക്കിത്തന്നു. അൽഹംദുലില്ലാഹ്!'

2008–ൽ ബയ്അത്ത് ചെയ്ത ഒരു സ്നേഹിതൻ മിഖായേൽ ബാങ്ക്സ്(Micahal Banks) സാഹിബ് തന്റെ ഭാര്യയോടൊപ്പം ഹുദൂറിനെ കണ്ടു. അവർ പറയുന്നു: 'കൂടിക്കാഴ്ചയ്ക്കു മുമ്പേ ഞങ്ങളിരുവരും വളരെ പരിഭ്രമിച്ചിരുന്നു. എനിക്ക് സംസാരിക്കാൻ കഴിയുന്നില്ലായിരുന്നു. കൂടിക്കാഴ്ചയിൽ ഹുദൂറിന്റെ ആത്മീയ വ്യക്തിത്വം വളരെ ആകർഷകമായിരുന്നു. എന്നിൽ ഒരുപാട് പോരായ്മകളുണ്ടെന്ന് ഞാൻ ഹുദൂറിനോട് പറഞ്ഞു. അപ്പോൾ ഹൂദുർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ആരും പെർഫെക്ടായിരിക്കുകയില്ല. എന്നാൽ, മനുഷ്യൻ നിത്യവും പരിശ്രമിച്ചുകൊണ്ട് സ്വയം തന്നെ മെച്ചപ്പെടുത്തണം.' അദ്ദേഹം പറയുന്നു: 'അല്ലാഹുവിന്റെ വലിയ ഔദാര്യമാണ് എനിക്ക് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം കിട്ടിയത്. ഖിലാഫത്തിന്റെ മഹത്തായ അനുഗ്രഹത്തിൽനിന്ന് ഫലമെടുക്കാനും അവസരം കിട്ടുന്നു.'

ആറു മാസം മുമ്പേ പാക്കിസ്താനിൽനിന്ന് ഹിജ്റ ചെയ്തു വന്ന, ഏതാനും വർഷം മുമ്പേ ലാഹോറിൽ അൽഫള്ൽ പത്രം വിതരണം ചെയ്തു കൊണ്ടിരിക്കെ അറസ്റ്റിലായ വ്യക്തിയാണ് ഖാലിദ് അശ്ഫാഖ് സാഹിബ്. ആറുമാസം ജയിലിലും അദ്ദേഹം കഴിഞ്ഞു. തന്റെ ആദ്യ കൂടിക്കാഴ്ചയെ അദ്ദേഹം ഇങ്ങനെ സ്മരിക്കുന്നു: 'ഹുദൂറുമായുള്ള എന്റെ കൂടിക്കാഴ്ച എന്റെ ജീവിതത്തിലെ ഏറ്റവും നല്ല നിമിഷങ്ങളാണ്. അനുകമ്പയോടെ എനിക്ക് ആലിംഗനം ചെയ്യാനുള്ള അവസരവും ഹുദൂർ നല്കി. തബറുക് എന്ന നിലയിൽ എനിക്ക് ഒരു മോതിരവും ഹുദൂർ തന്നരുളി.'

തായ്ലാന്റിൽ ജയിൽ ജീവിതം കഴിച്ചു കൂട്ടിയ മലിക് രിള്വാൻ അഹ്മദ് സാഹിബ് പറയുന്നു 'ഇത് അദ്ദേഹത്തിന്റെ ആദ്യ കൂടിക്കാഴ്ചയായിരുന്നു: 'ഞങ്ങൾ പാക്കിസ്താനിലായിരിക്കുമ്പോൾ കാലത്തിന്റെ ഖലീഫയെ

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

ഒന്നു കാണാൻ ജീവിതത്തിൽ അവസരം കിട്ടുമോ എന്ന് ഞങ്ങൾക്കറിയില്ലായിരുന്നു. ഇന്ന് അല്ലാഹു ഞങ്ങളുടെ 15 വർഷമായുള്ള ആഗ്രഹം പൂർത്തിയാക്കി തന്നു.'

അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: 'കൂടിക്കാഴ്ചയിലെ കാര്യങ്ങൾ വിവരിക്കാൻ ബുദ്ധിമുട്ടാണ്. സൂര്യനിലേക്ക് മനുഷ്യൻ നോക്കാൻ ശ്രമിച്ചാലും അത് സാധ്യമാകാത്ത പോലെ നാം ഹുദൂറിന്റെ അനുഗൃഹീത പ്രകാശംതുളുമ്പുന്ന മുഖത്തേക്ക് നോക്കുമ്പോൾ കണ്ണുകൾ ഹുദൂറിന്റെ മുഖത്ത് പതിപ്പിക്കാൻ കഴിയില്ല. ഹുദൂർ എന്റെ മകന് പിതൃവാത്സല്യത്തോടെ ഒരു പേനയും നല്കി.'

ഈ പ്രോഗ്രാം 8.45 വരെ നീണ്ടു. ശേഷം ഹുദൂർ ബയ്ത്തുസ്സമീയിൽ ആമീൻ പരിപാടിയിൽ സംബന്ധിച്ചു.

### ആമീൻപരിപാടി.

ആൺകുട്ടികളിൽനിന്നും പെൺകുട്ടികളിൽ നിന്നുമുള്ള 31 പേരിൽനിന്ന് ഹുദൂർ ഓരോ ആയത്ത് ഓതിക്കേട്ടു. അസീസുമാരായ ഫാത്തിഹ് അഹ്മദ് നൂൻ, ത്വാഹിർ ലയീഖ്, തംസീൽ മലിക്, സയ്യിദ് ഈഖാൻ അഹ്മദ്, സുവയ്ഹിബ് അഹ്മദ്, ഥാഖിബ് മഹ്മൂദ് ഖാൻ, അയാൻ അഹ്മദ് അയാസ്, സയീം വഹീദ്, മആദ് റാശിദ് കിരൺ, ദാനിഷ് അസീസ് ഭട്ടി, അയാൻ അഹ്മദ് നസീർ എന്നീ ആൺകുട്ടികളും അസീസാത്ത് മഹ്റൂശ് റഹീം, മഹർറഹീം, അയാൻ മലിക്, അർഹം ഫാറൂഖ്, ഹുദാ ഖാൻ, സമീഹ ത്വാരിഖ്, ഹിബത്തുൽഹയ്യ് മിശ്കാത്ത്, Rodiyallah Oresanya, യെസ്റാ ബുശ്റാ ശെയ്ഖ്, സയ്യിദ സബീക കാമ്റാൻ, സോഹാ പാൽ, അദ്കാ മുബശ്ശിർ, ആയിശാ നവീദ്, Mantara Rehan Mooda, സയ്നബ് മർയം മലിക്, ആസിഫാ മുർതളാ മലിക്, ഖദീജാ ഖാൻ, സാഇറാ ബുശ്റാ ഭട്ടി, ആസിഫാ ബുശ്റാ ഖാൻ , മാരിയാ ഹുസ്നാ കൗഥർ.

ശേഷം ഹുദൂർ മഗ്രിബ് ഇശാഅ് നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ഹുദൂർ ലജ്നാ ഹാളും പന്തലും സന്ദർശിച്ചു. ഹുദൂറിന്റെ ആകസ്മികമായ വരവിൽ സന്തോഷിച്ച ലജ്നകൾ മുദ്രാവാക്യം വിളിയോടെ ഹുദൂറിനെ സ്വീകരിച്ചു.

ഹ്യൂസ്റ്റണിലെ താമസത്തിന്റെ അവസാന ദിവസമായിരുന്നു ഇന്ന്. ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

### 2018 ഒക്ടോബർ 28 ഞായറാഴ്ച

ഹുദൂർ രാവിലെ 6.30–ന് ബയ്ത്തുസ്സമീയിൽ സുബ്ഹി നമസ്കരിപ്പിച്ചു. വിശ്രമ സ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകി. ഓഫീസ് സംബന്ധമായതും ജമാഅത്തംഗങ്ങളിൽനിന്നുള്ളതുമായ കത്തുകളും റിപ്പോർട്ടുകളും പരിശോധിച്ചു. ആവശ്യമായ മാർഗ നിർദേശങ്ങൾ നല്കി.

### ഹ്യൂസ്റ്റണിൽ നിന്ന് വാഷിംഗ്ടണിലേക്ക്

10.45–ന് ഹുദൂർ അയ്യദഹുല്ലാഹ് താമസസ്ഥലത്തുനിന്ന് പുറത്തേക്ക് വന്നു. ഉദ്യോഗസ്ഥരുമായുള്ള വിവിധ ഗ്രൂപ്പ് ഫോട്ടോകൾ എടുത്തു. സെക്യൂരിറ്റി ഗ്രൂപ്പ്, ആതിഥേയ ഗ്രൂപ്പ്, ട്രാൻസ്പോർട്ട് വിഭാഗം, Shriff പോലീസ് ഡ്യൂട്ടി നല്കുന്നവർ തുടങ്ങിയവർക്ക് ഗ്രൂപ്പ് ഫോട്ടോ എടുക്കാൻ ഭാഗ്യമുണ്ടയി. ഹുദൂറിനെ യാത്രയയക്കാൻ ഒരു വമ്പിച്ച ജനാവലി മസ്ജിദിനു ചുറ്റും തടിച്ചു കൂടിയിരുന്നു. കൊച്ചു കുട്ടികൾ പ്രാർഥനാപദ്യങ്ങൾ ആലപിച്ചു കൊണ്ടിരുന്നു. ഹുദൂർ കൈയുയർത്തി എല്ലാവരോടുമായി അസ്സലാമു അലയ്ക്കും പറഞ്ഞു. ഇജ്തിമാഈ ദുആ ചെയ്തു. ഹ്യൂസ്റ്റൺ ഇന്റർ നാഷണൽ എയർപോർട്ടിലേക്ക് പുറുപ്പെട്ടു.

മുമ്പേതന്നെ ബോർഡിംഗ് കാർഡും ബുക്കിംഗും പൂർത്തീകരിച്ചു കഴിഞ്ഞിരുന്നു. 11 മണിക്ക് എയർപോർട്ടിലെത്തിയ ഹുദൂറിനെ വരവേൽക്കാൻ യുണൈറ്റഡ് എയർലൈനിന്റെ സീനിയർ സ്റ്റാഫുകളും എത്തിയിരുന്നു. അവർ ഹുദൂറിന് സ്വാഗതമോതി. സ്പെഷ്യൽ ലോഞ്ചിലേക്ക് കൊണ്ടുപോകുകയും പിന്നീട് 11.50ന് വിമാനത്തിൽ കയറുകയും ചെയ്തു. 12 മണിക്ക് യു എ 1192 എന്ന എയർ ലൈൻ ഫ്ളൈറ്റ് വാഷിംഗ്ടണിലേക്ക് പറന്നു. ഏകദേശം 2 മണിക്കൂറും 50 മിനിറ്റും സഞ്ചരിച്ച് ജോർജ് ബുഷ് ഇന്റർനാഷണൽ എയർപോർട്ടിൽ വിമാനം ഇറങ്ങി. ഇവിടുത്തെ സമയം ഹ്യൂസ്റ്റണെക്കാൾ ഒരു മണിക്കൂർ മുന്നിലാണ്. ഡോക്ടർ നസീം റഹ്മത്തുല്ലാഹ് സാഹിബ്(നായിബ് അമീർ യൂ എസ് എ) ഹുദൂറിനെ സ്വീകരിച്ചു. പ്രത്യേക പ്രോട്ടോക്കോളിന് കീഴിൽ പുറത്തേക്ക് വന്ന ഹുദൂർ മസ്ജിദ് റഹ്മാനിലേക്ക് പുറപ്പെട്ടു. 50 മിനിറ്റ് റോഡുമാർഗം യാത്ര ചെയത് 5.20–ന് മസ്ജിദിലെത്തി.

ഹുദൂറിനെ സ്വീകരിക്കാൻ വാഷിംഗ്ടണിന് പുറമേ ദൂരദൂര സ്ഥലങ്ങളിൽ നിന്നുള്ള അഹ്മദികൾ മസ്ജിദിലെത്തിയിരുന്നു. ഡെട്രോയിറ്റ്, ലോസഏഞ്ചൽസ്, ഷിക്കാഗോ,മൽവക്കി,അറ്റ്ലാന്റ,ഡള്ളസ്,കണക്റ്റിക്കേട്ട്,സിയാറ്റിൽ,സെന്റ് ലൂയിസ്, മിയാമി, ബേപൗണ്ട്, മിനിസോട്ട,

അർകാൻസാസ്, ഹവായി, ന്യൂയോർക്ക്, റോചീസ്റ്റർ ജമാഅത്തുകളിൽ നിന്നുള്ളവരായിരുന്നു വന്നത്. മസ്ജിദിന്റെ അങ്കണത്തിൽ ഹുദൂറിന്റെ വാഹനം പ്രവേശിച്ചതും സ്നേഹോഷ്മളമായ വരവേല്പാണ് നല്കപ്പെട്ടത്. മുദ്രാവാക്യവിളികളുയർന്നു. സ്ത്രീകൾ ഹുദൂറിനെ സിയാറത്ത് ചെയ്തു. പെൺകുട്ടികൾ സ്വാഗതഗാനമോതി. ഹുദൂർ എല്ലാവരുടേയും അടുത്തുകൂടി വിശ്രമസ്ഥലത്തേക്ക് പോയി.

5.40–ന് ഹുദൂർ മസ്ജിദ് റഹ്മാനിൽ ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ചു.

### 2018 ഒക്ടോബർ 29 തിങ്കളാഴ്ച

പിറ്റേന്ന് 6.30–ന് ഹുദൂർ സുബ്ഹി നമസ്കരിപ്പിച്ചു. അതിനുശേഷം ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകിയ ഹുദൂർ കത്തുകളും റിപ്പോർട്ടുകളും പരിശോധിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നല്കുകയും ചെയ്തു. അമേരിക്കയിൽ നിന്നും ഇതരപ്രദേശങ്ങളിൽനിന്നും ഫാക്സ് വഴിയും ഈ മെയിൽ വഴിയും കത്തുകൾ ലഭിച്ചു കൊണ്ടിരുന്നു

### കുടുംബപരമായ കൂടിക്കാഴ്ചകൾ

ഇന്ന് രാവിലത്തെ സെഷനിൽ 62 കുടുംബത്തിൽ നിന്നുള്ള 294 പേർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി സായൂജ്യമടഞ്ഞു. 76 പേർ തനിച്ചായിരുന്നു കൂടിക്കാഴ്ച നടത്തിയത്. 18 പേർ അമേരിക്കൻ ജമാത്തുകളിൽനിന്നുള്ള വരായിരുന്നു; പ്രത്യേകിച്ചും കൻസാസ് സിറ്റി (Kansas city)യിൽ നിന്നുള്ളവർ 1095 മൈൽദൂരം 17 മണിക്കൂർ യാത്ര ചെയ്താണെത്തിയത്. എല്ലാവർക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവസരം ലഭിച്ചു. വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനയും കുട്ടികൾക്ക് ചോക്ലേറ്റും ഹുദൂർ നല്കി.

### അതിഥികളുടെ പ്രതികരണങ്ങൾ

മുഹമ്മദ് ഗോരായ സാഹിബ്–ഒരു ശഹീദ് അഹ്മദി കുടുംബവുമായിട്ടാണ് ഇദ്ദേഹത്തിന്റെ ബന്ധം ഹുദൂറുമായുള്ള തന്റെ ആദ്യകൂടിക്കാഴ്ചയ്ക്കുശേഷം പറയുന്നു: 'ഞാൻ നേപ്പാളിൽ 10 വർഷം താമസിച്ചിരുന്നു. എന്റെ സഹോദരൻ പാക്കിസ്താനിൽ ശഹീദായിരുന്നു. 2014–ൽ ഞാൻ അമേരിക്കയിൽ വന്നു. ഇന്നത്തെ ദിവസം എനിക്ക് യഥാർഥത്തിൽ ഈദായിരുന്നു. ഹുദൂറിനെ കാണണമെന്ന എന്റെ ആഗ്രഹം ഇന്ന് സഫലമായി. അൽഹംദുലില്ലാഹ്.

ഒരു സ്നേഹിതൻ മുഹമ്മദ് മുസ്തഫാ സാഹിബ് പറയുന്നു: കൂടിക്കാഴ്ചക്കിടയിൽ എന്റെ വികാരത്തെ നിയന്ത്രിക്കാൻ എനിക്ക് കഴിഞ്ഞില്ല. കരഞ്ഞു കൊണ്ടേയിരുന്നു. എനിക്ക് ഹുദൂറിനോട് കൂടുതലൊന്നും സംസാരിക്കാനും കഴിഞ്ഞില്ല. ഹുദൂർ നമ്മുടെയിടയിൽ ഉണ്ടാകുന്നത് നമ്മുടെ സംസ്കരണത്തിനു വളരെ ഗുണപ്രദമാണ്.'

ഹേർസ്ബേർഗിൽ നിന്നുവന്ന ദുൽഖർനയ്ൻ സാഹിബ് കുടുംബത്തോടുകൂടി ഹുദൂറിനെ കണ്ടു. അവർ പറയുന്നു: 'ഞങ്ങൾ ദൈവത്തിന്റെ സിംഹത്തിന്റെ മുമ്പിൽ നില്ക്കുന്നതു പോലെയാണ് എനിക്ക് അനുഭവപ്പെട്ടത്. എന്റെയടുക്കൽ അതു വിവരിക്കാൻ വാക്കുകളില്ല. ഹുദൂർ എന്റെ മക്കളുടെ പ്രായം കൃത്യമായി കണക്കാക്കി എന്നത് ഞങ്ങളെ വളരെ അത്ഭുതപ്പെടുത്തി.'

അമത്തുൽ മത്തീൻ സാഹിബ പറയുന്നു: 'എന്റെ വികാരത്തെ വെളിപ്പെടുത്താൻ എനിക്കറിയില്ല. വളരെ ആനന്ദം തോന്നുന്നു. എന്റെ ഉപ്പാപ്പയെ ഹുദൂറിന് അറിയാമായിരുന്നു. എന്റെ ഉപ്പാപ്പാക്ക് കരിമ്പിൻ തോട്ടമുണ്ടായിരുന്നു എന്ന് ഹുദൂർ പറഞ്ഞു. കരിമ്പിൻ ജ്യൂസ് നല്കി തങ്ങളെ സൽക്കരിക്കുമായിരുന്നു. വളരെ നല്ലപ കൃതമായിരുന്നു.'

ബിലാൽ അഹ്മദ് കാഹിലോൺ സാഹിബ് പറയുന്നു: 'നേപ്പാളിൽ നിന്നാണ് ഞാൻ അമേരിക്കയിൽ വന്നത്. നേപ്പാളിൽ അഭയാർഥിയായി ഞാൻ 10 വർഷം കഴിച്ചു കൂട്ടി യിരുന്നു. ഇന്നത്തേത് എന്റെ ആദ്യത്തെ കൂടിക്കാഴ്ചയായിരുന്നു. എന്റെ വികാരങ്ങൾ വാക്കുകളിൽ വിവരിക്കുക അസാധ്യമാണ്. ആ നിമിഷങ്ങൾ എത്രമാത്രം സുന്ദരമായിരുന്നു എന്നാൽ, ഇപ്പോൾ എന്നത്തേക്കുമായി ഇത് എന്റെ മനസ്സിലെ ഓർമയായി.'

ശാഹിദ് അഹ്മദ് ഡാർ സാഹിബ് പറയുന്നു: 'പാക്കിസ്താനിൽനിന്ന് ഹിജ്റ ചെയ്ത് ഞാൻ

(ശേഷം പേജ് 12ൽ)

**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

**കലാമുൽ ഇമാം:-**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Calicut (Kerala)

# ചശ്മയെ തൗഹീദ്-

## ദൈവത്തിന്റെ ഏകത്വത്തിന്റെ ഉറവിടം

**ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)**

**സഫീർ മാലിക്**

***വിവർത്തകൻ കെ.വി.ഹസൻകോയ കോഴിക്കോട്***

***(ഇന്ത്യയിലെ ഖാദിയാനിൽ ചേർന്ന 1906ലെ വാർഷിക സമ്മേളനത്തിൽ ചെയ്ത പ്രസംഗം)***

### ദൈവം ദൂതന്മാരെ അയക്കുന്നത് അന്യാരാധന ഇല്ലാതാക്കാൻ:

തശഹ്ഹുദും തഅവ്വുദും തസ്മിയയും ഓതിയശേഷം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) വിശുദ്ധഖുർആനിലെ സൂറഃലുഖ്മാനിൽനിന്നുള്ള താഴെ കൊടുത്ത സൂക്തങ്ങൾ ഓതി:

*"വലഖദ് ആത്തയ്നൽ ലുഖ്മാനൽ ഹിക്മത്ത അനിശ്കുർ ലില്ലാഹി വ മൻയ്യശ്ക്കുർ ഫ ഇന്നമാ യശ്കുറു ലിനഫ്സിഹീ വമൻകഫറ ഫഇന്നല്ലാഹ ഗനിയ്യുൻ ഹമീദ്- വഇദ് ഖാല ലുഖ്മാനു ലിബ് നിഹീ വഹുവ യയിളുഹൂ യാബുനയ്യ ലാ തുശ്രിക് ബില്ലാഹി ഇന്നശ്ശിർക്കല ളുമുൻ അളീം.*

*വ വസ്സയ്നൽ ഇൻസാന ബിവാലിദയ്ഹി ഹമലത്ഹു വ ഉമ്മുഹൂ വഹ്നൻ അലാ വഹ്നിൻവ്വ ഫിസാലുഹു ഫീ ആമയ്നി അനിശ്ക്കുർ ലീ വലി വാലിദയ്ക്ക ഇലയ്യൽ മസീർ.*

*വഇൻജാഹദാക്ക അലാ അൻ തുശ്രിക്കബീ മാ ലയ്സലക്ക ബിഹീ ഇൽമുൻ ഫ ലാ തുതിഃയ്ഹുമാ വ സാഹിബ്ഹുമാ ഫിദ്ദുൻയാ മഅ്റൂഫൻ വത്തബിഅ് സബീല മൻഅനാബ ഇലയ്യ ഥുമ്മ ഇലയ്യ മർജിഉക്കും ഫ ഉന്നബ്ബിഉക്കും ബിമാ കുൻതും തഅ്മലൂൻ*

*യാബുനയ്യ ഇന്നഹാ ഇൻ തക്കു മിഥ്ഖാല ഹബ്ബത്തിൻമ്മിൻ ഖർദലിൻ ഫതക്കുൻ ഫീ സഖ്റത്തിൻ ഔ ഫിസ്സമാവാത്തി ഔ ഫിൽഅർളി യഅ്തി ബിഹല്ലാഹു ഇന്നല്ലാഹ ലത്വീഫുൻ ഖബീർ*

*യാ ബുനയ്യ അഖിമിസ്സ്വലാത്ത വഅ്മുർ ബിൽമഅ്റൂഫി വൻഹ അനിൽമുൻകരി വസ്ബിർ അലാ മാ അസാബക്ക ഇന്ന ദാലിക്ക മിൻ അസ്മിൽ ഉമൂർ.*

*വലാ തുസയ്യിർ ഖദ്ദക്ക ലിന്നാസി വലാതംശീ ഫിൽ അർളി മറഹൻ ഇന്നല്ലാഹ ലാ യുഹിബ്ബു കുല്ല മുഖ്താലിൻ ഫഖൂർ.*

*വഖ്സിദ് ഫീ മശ്യിക്ക വഗ്ളുള് മിൻ സ്വൗത്തിക്ക ഇന്ന അൻകറൽഅസ്വാത്തി ലസ്വൗത്തുൽ ഹമീർ*(31:13-20)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) തുടർന്നു പറഞ്ഞു: "ഇന്ന് ഞാൻ ശിർക്ക് (ദൈവത്തിനു പങ്കുകാരെ ചേർക്കൽ) എന്ന വിഷയത്തെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. ആദ്യകാലം മുതൽ ഇന്നുവരെ നിലനിന്നുവരുന്ന ഒരു ദോഷമാണിത്. ശിർക്ക് മനുഷ്യനെ വിട്ടുപോവാൻ അനുവദിച്ചിട്ടില്ല. മനുഷ്യൻ ശിർക്കിനെ വിട്ടുപോവാനും അനുവദിച്ചിട്ടില്ല. ഓരോ കാലത്തിലും സർവ്വശക്തനായ ദൈവം ശിർക്കിനെ ഉന്മൂലനം ചെയ്യാൻ പ്രവാചകന്മാരെ അയച്ചു. അവരുടെ നിയോഗം ലോകം മുഴുവനും ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കാനുമായിരുന്നു. സർവ്വശക്തനായ ദൈവം മനുഷ്യന് ചില പരിധിവരെ സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ട്. ഈ തിന്മ മനുഷ്യൻ തന്റെ ഹൃദയത്തിൽ വച്ചുപുലർത്തിയിട്ടുണ്ട്. നിരവധി മനുഷ്യർക്ക് മാർഗദർശനം നല്കിയിട്ടുമുണ്ട്. അവർക്ക് രക്തസാക്ഷികളുടെയും സാത്വികരുടെയും പദവി നല്കിയിട്ടുണ്ടെങ്കിലും ലോകത്തുള്ള നിരവധിയാളുകൾ ദൈവത്തിനു പങ്കുകാരെ ചേർക്കുന്നത് ഇതുവരെ നിറുത്തിയിട്ടില്ല.

### പ്രവാചകന്മാരെ നിഷേധിക്കാനുള്ള പ്രഥമ കാരണം ശിർക്കാണ്

സർവ്വശക്തനായ ദൈവം ജനങ്ങളുടെ പരിഷ്കരണത്തിന് പ്രവാചകന്മാരെ അയക്കുമ്പോൾ, ചില ആളുകൾക്ക് മുമ്പേതന്നെ നല്കിയിട്ടുള്ള അനുഗ്രഹങ്ങൾ തങ്ങളുടെ വ്യക്തിപരമായ പരിശ്രമവും കഠിനാധ്വാനവും വഴിയാണെന്നു കരുതുന്നു. അങ്ങനെ സർവ്വശക്തനായ ദൈവത്തിൽനിന്ന് അവർ മുഖം തിരിക്കുന്നു. അതിന്റെ ഫലമായി അവരുടെ ഹൃദയത്തിൽ ആദ്യമായി നടപ്പെടുന്ന വിത്ത് ശിർക്ക് അഥവാ അന്യാരാധനയാണ്. അതുകൊണ്ട് മനുഷ്യന്റെ പരിഷ്കരണത്തിന് അയക്കപ്പെടുന്ന ഏതൊരു പ്രവാചകനും ആദ്യമായി ശിർക്കുമായി യുദ്ധം ചെയ്യേണ്ടതുണ്ട്. മനുഷ്യനെതിരായ പിശാചിന്റെ ഏറ്റവും വലിയ ആയുധം ശിർക്കാണ്.

### ശിർക്ക് എന്ന പാപം ഒരിക്കലും പൊറുക്കപ്പെടുകയില്ല

സർവ്വശക്തനായ ദൈവം തന്റെ വിശുദ്ധഖുർആനിൽ, താൻ ഇച്ഛിക്കുകയാണെങ്കിൽ മറ്റു പാപങ്ങൾ പൊറുക്കുമെങ്കിലും ശിർക്ക് ഒരിക്കലും പൊറുക്കുകയില്ലെന്ന് പ്രസ്താവിച്ചിരിക്കുന്നു. ശിർക്ക് കൈക്കൊള്ളുകയെന്നുള്ളത് ഒരു മനുഷ്യനെ സംബന്ധിച്ച് എത്ര ദുർബലവും തിന്മ നിറഞ്ഞതുമാണ്; ദൈവത്തിൽനിന്നു മുഖം തിരിക്കുകയാണല്ലോ അത്. സർവ്വശക്തനായ ദൈവം നമുക്കുവേണ്ടി എണ്ണമറ്റ അനുഗ്രഹങ്ങൾ സൃഷ്ടിച്ചിരിക്കുന്നു. നമുക്ക് നടന്നുപോകാനും നമ്മുടെ ഉന്നത ലക്ഷ്യങ്ങൾ കൈവരിക്കാനും അവൻ നമുക്കുവേണ്ടി ഭൂമി സൃഷ്ടിച്ചിരിക്കുന്നു.

### സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ:

ഭൂമിയിലുള്ള മണ്ണിൽ പലവിധ ഗുണങ്ങളും അന്തർലീനമായിരിക്കുന്നു. മണ്ണിൽ നമ്മൾ ഗോതമ്പിന്റെ വിത്ത് വിതയ്ക്കുന്നു. കുറച്ചു ദിവസം മണ്ണിനടിയിൽ കിടന്നു പിന്നെ മുളയ്ക്കാൻ തുടങ്ങുന്നു. പിന്നെ കുറച്ചു ദിവസങ്ങൾക്കുശേഷം കാറ്റ് കൊണ്ടശേഷം ആ വിത്ത് നൂറുക്കണക്കിന് വിത്തുകളുണ്ടാക്കുന്നു. അതേമണ്ണിൽത്തന്നെ ചോളത്തിന്റെ വിത്തിട്ടാൽ അതിൽനിന്ന് പോഷകമൂല്യമുള്ള ധാന്യം വളരുന്നു. അതു മനുഷ്യനു പോഷണമായിത്തീരുന്നു. അതു കൂടാതെ മറ്റനവധി പ്രയോജനങ്ങളും മണ്ണിൽ കണ്ടെത്താം. അവ നമുക്ക് അത്യാവശ്യമാണ്. അവ കൂടാതെ സർവ്വശക്തൻ പക്ഷികളെയും മറ്റു ജീവികളെയും സൃഷ്ടിച്ചിരിക്കുന്നു. അവയിൽനിന്നു നമുക്ക് എണ്ണമറ്റ പ്രയോജനങ്ങളുണ്ട്. അതുപോലെ നാലു മൂലകങ്ങളും അവയിൽനിന്ന് ലഭിക്കുന്നു. അപ്രകാരം ഒരു ചെറിയ അംശം ശിർക്കുപോലും ഹൃദയത്തിൽ വെച്ചുപുലർത്തുന്നത് വളരെ മോശവും അന്തസ്സില്ലാത്തതുമായ പ്രവൃത്തിയാണ്. സർവ്വശക്തനായ ദൈവം ഉദാരമതിയും കാരുണ്യവാനുമായിരുന്നില്ലെങ്കിൽ മനുഷ്യനെ ഇടിച്ചുപൊടിയാക്കുകയും ശിക്ഷിക്കുകയും ചെയ്യുമായിരുന്നു. അതിൽനിന്ന് രക്ഷപ്രാപിക്കാൻ സാധ്യമല്ല. എന്നിരിക്കിലും സർവ്വശക്തനായ ദൈവം അവന്റെ കാരുണ്യംകൊണ്ട് നമ്മെ കാത്തുരക്ഷിക്കുന്നത് തുടരുന്നു. സർവ്വശക്തനായ ദൈവം പ്രസ്താവിച്ചിട്ടുള്ളത് ശിർക്ക് എന്ന കുറ്റം ചെയ്യുന്നവർ ശപിക്കപ്പെട്ട പിശാചിന്റെ അനുയായികളാണെന്നാണ്. അതേ പിശാചുതന്നെയാണ് ദൈവത്തോടു പറഞ്ഞത് ഒരു വിഭാഗം ജനങ്ങളിൽ താൻ സ്വാധീനം ചെലുത്തുമെന്നും അവർ ദൈവത്തെക്കുറിച്ച് അശ്രദ്ധരായിരിക്കുമെന്നും അവർക്കെതിരിൽ ശിർക്കിന്റെ തന്ത്രം പ്രയോഗിക്കുമെന്നും! പിശാച് പ്രസ്താവിച്ചത് താൻ മനുഷ്യരെ മുമ്പിൽനിന്നും പിമ്പിൽനിന്നും വലത്തുനിന്നും ഇടത്തുനിന്നും താഴെനിന്നും മേലെനിന്നും അക്രമിക്കുമെന്നുമാണ്. അവൻ അത്യാഗ്രഹത്താൽ വശീകരിക്കുകയും അവൻ അവരോട് മൃഗങ്ങളുടെ കാത് കീറാൻ ആജ്ഞാപിക്കുകയും ചെയ്യും. ദൈവത്തിന്റെ സൃഷ്ടികളെ മറ്റുള്ളവർക്കുവേണ്ടി മാറ്റിവെക്കും. അതുകൊണ്ട് പിശാചിനെ മിത്രമാക്കുന്നവർ ശിർക്ക് കാരണം കുറ്റക്കാരായതിനാൽ-അതാണവൻ ആക്രമണം നടത്തുന്ന ആയുധം- നഷ്ടപ്പെട്ടവരിൽ ആയിരിക്കും. പിശാച് വാഗ്ദാനം ചെയ്യുന്നത് വ്യാജമായ കാര്യങ്ങളാണെന്നും ദൈവം പ്രസ്താവിക്കുന്നു. ശിർക്ക് ചെയ്യുന്ന ഒരാളെ സംബന്ധിച്ചിടത്തോളം സർവ്വശക്തനായ അല്ലാഹു പ്രസ്താവിച്ചിട്ടുള്ളത് അത് പൊറുത്തുകൊടുക്കുകയില്ലെന്നാണ്. എന്തെന്നാൽ അവർ പിശാചിനെ അനുസരിക്കുന്നു. അവർ ഒരിക്കലും അഭിവൃദ്ധിപ്പെടുകയില്ല.

### ശിർക്ക് ചെയ്യുന്ന ഒരാൾ ഒരിക്കലും വിജയം പ്രാപിക്കുകയില്ല:

മേൽപറഞ്ഞ രണ്ട് കാര്യങ്ങൾ ഒരു മുശ്രിക്കിനു(അന്യാരാധകന്) വെല്ലുവിളിക്കാൻ സാധിക്കും. അവർക്ക് പാപം പൊറുത്തുകൊടുക്കുമെന്നും അവർ പിശാചിന്റെ അനുയായികളല്ലെന്നും പറഞ്ഞുകൊണ്ട് പ്രതികരിക്കാനും സാധിക്കും. എന്നിരിക്കിലും മൂന്നാമത്തെ പോയന്റ് ശിർക്ക് ചെയ്യുന്ന ഒരാൾ വിജയിക്കുകയില്ല എന്നത് ആദ്യത്തെ രണ്ടു കാര്യങ്ങളെ പിന്തുണയ്ക്കുന്നു. അങ്ങനെ ചിന്തിക്കുക. ആദം നബി(അ) മുതൽ ഇന്നുവരെ ശിർക്ക് എപ്പോഴെങ്കിലും ഒരു പ്രവാചകനോട് താരതമ്യപ്പെടുത്തിയാൽ വിജയിച്ചിട്ടുണ്ടോ? നൂഹ് നബി(അ), ഹൂദ് നബി(അ), സ്വാലിഹ് നബി(അ), ശുഅയ്ബ് നബി(അ) ഇബ്റാഹിം നബി(അ), മൂസാ നബി(അ), ഈസാ നബി(അ), ഒടുവിൽ എല്ലാവരിലും മഹാനായ വിശുദ്ധനബി(സ)എന്നിവർക്കൊക്കെ പിശാചുമായി തർക്കിക്കേണ്ടിവന്നു. അതിന്റെ ഫലമെന്തായിരുന്നു? ഈ പ്രവാചകന്മാരുമായി ഏറ്റുമുട്ടിയ ആ മുശ്രിക്കുകളെ ഇന്ന് ആരെങ്കിലും ഓർക്കുന്നുണ്ടോ? ഇന്ന് ഫിർഔനെയും അബൂജഹലി (വിശുദ്ധനബി(അ)യുടെ ഒരു ശത്രു)നെയും പിൻപറ്റുന്ന ആളാണെന്ന് ഒരു വ്യക്തിപോലും അവകാശപ്പെടുന്നില്ല. ഇവരുടെ സന്തതിതലമുറപോലും അവരുമായി ബന്ധപ്പെടുത്തിപ്പറയാൻ ആഗ്രഹിക്കുന്നില്ല. അവരുടെ

പൂർവ്വികരെക്കുറിച്ച് ചോദിച്ചാൽ അവർ മറ്റു വല്ലവരുടെയും പേരു പറയുന്നു എന്നതാണ് വസ്തുത. കാര്യമങ്ങനെയാവുന്നതെന്തുകൊണ്ടാണ്? കാരണം ശിർക്ക് ഒരിക്കലും വിജയിക്കുന്നില്ല. ഈ ജനങ്ങൾ ദൈവത്തിന്റെ കോപത്തിന് ഇരയായതുകൊണ്ട് അവർ പരാജയപ്പെട്ടുപോയതിനാൽ അവരുടെ സന്തതികൾ തങ്ങളെ ബിംബാരാധകരായ പൂർവ്വപിതാക്കളുമായി ബന്ധപ്പെടുത്തി പറയാൻ ഇഷ്ടപ്പെടുന്നില്ല. അത്തരം ആളുകൾ പിശാചിന്റെ അനുയായികളാണെന്ന് കാണിക്കാൻ സർവ്വശക്തനായ ദൈവം തെളിവ് അവതരിപ്പിക്കുന്നു. അവർക്ക് പൊറുത്തുകൊടുക്കുകയില്ലെന്നും പറയുന്നു. ശിർക്ക് അത്രയും സൂക്ഷ്മമായ ഒരു രോഗമാണ്. ക്ഷയരോഗം ബാധിക്കുന്നതുപോലെ സൂക്ഷ്മമായ രീതിയിലാണ് ശിർക്ക് ബാധിക്കുന്നത്. സാവധാനം അത് രോഗിയെ കാർന്നുതിന്നുന്നു. അതേരീതിയിൽ ഒരു പ്രാണി കുറേ കാലംകൊണ്ട് ഒരു ഉയർന്ന വലിയ മരത്തെ കാർന്നുതിന്നുന്നു. ആ മരം ഒരുനാൾ ഭൂമിയിൽ കടപുഴകി വീഴുന്നു. അങ്ങനെ, ഒരാൾക്ക് ഇതിൽനിന്ന് സ്വയം രക്ഷനേടാൻ പരിപൂർണമായ സാത്വികതയുടേയും ഭക്തിയുടേയും വഴി സ്വീകരിക്കണം. സർവ്വശക്തനായ അല്ലാഹുവിന്റെ ഗുണങ്ങൾ എപ്പോഴും മനസ്സിൽവെക്കുകയെന്നുള്ളത് മനുഷ്യന് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുമുഖേന മനുഷ്യന്റെ മനസ്സ് എപ്പോഴും സർവ്വശക്തനായ അല്ലാഹുവിലേക്ക് ചാഞ്ഞിരിക്കണം. അതുമുഖേന സർവ്വശക്തനായ ദൈവം അവനെ സംരക്ഷിക്കുന്നു. വിശുദ്ധഖുർആനിൽ പ്രസ്താവിച്ച പ്രകാരം അവൻ മനുഷ്യനെ പിശാചിന്റെ ആക്രമണങ്ങളിൽനിന്നും സംരക്ഷിക്കുന്നതായിരിക്കും. അതുകൊണ്ട് മനുഷ്യൻ സർവ്വശക്തനായ അല്ലാഹുവിന്റെ തണലിലും സംരക്ഷണത്തിലും വരണം. എന്തെന്നാൽ, അവന്റെ തണലിൽ വരുന്ന എല്ലാവരും പൈശാചികമായ ആക്രമണങ്ങളിൽനിന്ന് രക്ഷിക്കപ്പെടുന്നതാണ്. ഒരു സാത്വികനാ യ മനുഷ്യനെ വഴിതെറ്റിപ്പോകാൻ പിശാച് എത്ര കഠിനമായി യത്നിച്ചാലും സർവ്വശക്തനായ അല്ലാഹുവിന്റെ കോപം നിറഞ്ഞനോട്ടം പിശാചിനെ കരിച്ചുകളയുന്നു. ആ വ്യക്തിയെ പിന്നീട് ദുഷിച്ചരീതിയിൽ നോക്കാൻ അശക്തനായിത്തീരുന്നു. എന്നിരിക്കിലും, നാം ഇങ്ങനെ ചരിക്കുന്നതിൽ പരാജയമടഞ്ഞാൽ അശ്രദ്ധനും അലസനുമായാൽ പിന്നെ നമുക്ക് പിശാചുമായി യുദ്ധം ചെയ്യാൻ ഒരു നിമിഷംപോലും കിട്ടില്ല. അങ്ങനെയുള്ള അവസ്ഥയിൽ പിശാച് നമ്മുടെ വിശ്വാസം തകർക്കും, നമ്മൾ വെറും കൈയോടെയിരിക്കും. നമ്മൾ ആട്ടിൻകുട്ടികളെപോലെയാണ്. വാസ്തവത്തിൽ അതിലും ദുർബ്ബലരാണ് നമ്മൾ. എന്നാൽ, പിശാച് ശക്തനായ ഒരു ചെന്നായയെ പോലെയാണ്. അതുകൊണ്ട് ഏതുവരെ നാം സർവ്വശക്തനായ അല്ലാഹുവിന്റെ നോട്ടത്തിലായിരിക്കുമോ അതുവരെ നാം രക്തക്കൊതിയനായ പിശാചിന്റെ ആക്രമണത്തിൽനിന്നു സുരക്ഷിതരായിരിക്കും. നേരെ മറിച്ച്, നാം ഏറ്റവും ചെറിയ നിലയിൽ അശ്രദ്ധ കാട്ടിയാൽ അല്ലാഹുവിന്റെ സംരക്ഷണത്തിൽനിന്ന് ഒഴിഞ്ഞാൽ ഒരു ആക്രമണംകൊണ്ടുതന്നെ പിശാച് നമ്മെ കീഴടക്കിക്കളയും. നിരീക്ഷണപൂർവ്വമുള്ള സർവ്വശക്തനായ ദൈവത്തിന്റെ നോട്ടത്തിൽനിന്ന് നീങ്ങിപ്പോയതുകൊണ്ട് അവൻ നമ്മെ കാണുന്നില്ല എന്നർഥമില്ല, അവൻ എല്ലാം കാണുന്നവനാണ്. അതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് നമ്മുടെ മോശമായ പണികൾ കാരണം നമ്മൾ സ്വയം തന്നെ ദൈവത്തിന്റെ കാരുണ്യത്തോടെയുള്ള നിരീക്ഷണത്തിൽനിന്ന് അകലുകയാണ് ചെയ്യുന്നതെന്നാണ്. അതുകൊണ്ട് സർവ്വശക്തനായ അല്ലാഹുവുമായി കൂടുതൽക്കൂടുതൽ അടുക്കണം. ഇക്കാര്യത്തിൽ അവൻ നമ്മോടു വാഗ്ദാനം ചെയ്തിട്ടുള്ളത്, ദൈവത്തിലേക്ക് ഒരടി മുന്നോട്ടുവെച്ചാൽ ദൈവം അവനിലേക്ക് രണ്ടടി മുന്നോട്ടുവയ്ക്കുമെന്നാണ്. ഒരു വ്യക്തി വളരെ വേഗത്തിൽ ദൈവത്തോടടുക്കുകയാണെങ്കിൽ ആ വ്യക്തിയിലേക്ക് ദൈവം ഓടിയടുക്കുമെന്നാണ്. അപ്രകാരം നമ്മൾ വേഗത്തിൽ ദൈവത്തോടടുക്കുന്നതുവരെ അല്ലെങ്കിൽ ഓടിയടുക്കുന്നതുവരെ നമ്മുടെ അവസ്ഥ കെട്ടിയിടപ്പെട്ട ഒരാട്ടിൻകുട്ടിയെ പോലെയാണ്. അതിനെ ചെന്നായ വേഗത്തിൽ തിന്നുകളയും.

## ശിർക്ക് മറ്റു പാപങ്ങളുടെ ഉറവിടമാണ്:

അപ്രകാരം ഒരാൾ ഒരു പ്രവൃത്തി ചെയ്യുന്നതിനു മുമ്പേ അല്ലെങ്കിൽ ഒരു വാക്കുച്ചരിക്കുന്നതിനു മുമ്പേ ശിർക്കിനെക്കുറിച്ച് ബോധമുള്ളവനാവണം; ദൈവത്തിൽനിന്ന് വിദൂരപ്പെട്ടുപോകാതിരിക്കാനും അങ്ങനെ പിശാചിന് ഇരയാവാതിരിക്കാനും. ഈ ഘട്ടത്തിൽ ഒരുപക്ഷേ, നിങ്ങളിൽ ചിലർ ചിന്തിക്കുന്നുണ്ടാവും ഞാൻ ശിർക്കിനെക്കുറിച്ച് വിവരിച്ചതുകൊണ്ട് ശിർക്കല്ലാതെ ലോകത്ത് മറ്റൊരു പാപവും ഇല്ലേ എന്ന്! ഞാനതല്ല ഉദ്ദേശിക്കുന്നത്. മറിച്ച് ഞാനുദ്ദേശിക്കുന്നത് ശിർക്ക് മുഖേനയാണ് മറ്റെല്ലാ പാപങ്ങളും ആവിർഭവിക്കുന്നതെന്നാണ്.

## ശിർക്കിന്റെ യാഥാർഥ്യം:

ഒരു വ്യക്തി ശിർക്കിൽനിന്ന് പരിപൂർണമായും സ്വതന്ത്രമായാൽപിന്നെ അവനെങ്ങനെ പാപം ചെയ്യാൻ സാധിക്കും? എന്തെന്നാൽ, ഒരാൾ സർവ്വശക്തനായ ദൈവത്തിന്റെ എല്ലാ സ്വിഫത്തുകളിലും(വിശേഷഗുണങ്ങൾ) വിശ്വസിക്കുകയാണെങ്കിൽ അവനെങ്ങനെ തെറ്റുചെയ്യാൻ സാധിക്കും? ഒരു കള്ളൻ മോഷണം നടത്തുവാൻ ആഗ്രഹിക്കുന്നു. എന്നാൽ, ദൈവം എല്ലാം നോക്കിക്കാണുന്നവനാണെന്നും പാപങ്ങൾക്ക് ശിക്ഷിക്കുന്നവനാണെന്നും അവൻ ഉണ്ടെന്നുള്ളത് തീർച്ചയാണെന്നും വിശ്വസിക്കുന്ന ഒരാൾക്ക് ഒരിക്കലുംതന്നെ മോഷണം നടത്താൻ സാധിക്കുകയില്ല. അതേപ്രകാരം മറ്റു പാപങ്ങളിൽ സൃഷ്ടികളെ ഭയപ്പെട്ടില്ലെങ്കിലും സ്രഷ്ടാവിനെ ഭയപ്പെട്ടാൽ അവർ എല്ലാവിധത്തിലുള്ള തിന്മകളും അന്തസ്സില്ലായ്മകളും പരിത്യജിക്കും. അല്ലാത്തപക്ഷം അവയെല്ലാം അവരുടെ ഹൃദയങ്ങളിൽ നിഗൂഢമായിത്തീരും. അപ്രകാരം പരിപൂർണമായി ശിർക്ക് ഉപേക്ഷിക്കുന്നവർ അറിഞ്ഞുകൊണ്ട് പാപം ചെയ്യുക അസാധ്യമാണ്. അറിയാതെ ചെയ്തുപോകുന്ന പാപങ്ങൾക്ക് ദൈവം ശിക്ഷ നല്കുകയില്ല. അതുകൊണ്ടാണ് ഹദീഥിൽ ഇങ്ങനെ സൂചിപ്പിക്കപ്പെട്ടിട്ടുള്ളത്.

മൻ ഖാല ലാഇലാഹ ഇല്ലല്ലാഹ് ഫദഖലൽ ജന്ന (മുസ്നദ് അഹ്മദ്) ആരാണോ ശിർക്കിൽനിന്ന് പരിപൂർണമായി ഒഴിഞ്ഞുനില്ക്കുന്നത് അവർ സ്വർഗ്ഗത്തിൽ സ്വീകരിക്കപ്പെടും.

ഇതിനുള്ള കാരണമെന്തെന്നാൽ ഒരു വ്യക്തി ശിർക്ക് ഉപേക്ഷിക്കുകയും സർവ്വശക്തനായ ദൈവം ഏകനാണെന്ന് പരിഗണിക്കുകയും അവന്റെ സ്വിഫത്തുകളിലെല്ലാം വിശ്വസിക്കുകയും ചെയ്യുമ്പോൾ അവൻ മറ്റൊരു പാപം ചെയ്യുകയില്ല. ഇതിന്റെ ഫലമായി അയാൾക്ക് അവശ്യമായും ദൈവിക പ്രതിഫലങ്ങൾ നല്കപ്പെടുന്നതാണ്. ഇതുപോലെയുള്ള ഒരു വ്യക്തിക്ക് അയാളുടെ നടത്തവും തീറ്റയും കുടിയുമെല്ലാം സർവ്വശക്തനായ ദൈവത്തിനുവേണ്ടിയായിരിക്കും. മറ്റു വാക്കുകളിൽ പറഞ്ഞാൽ അയാൾ സംസാരിക്കുന്നതും ശ്രദ്ധിക്കുന്നതും തിന്നുന്നതും കുടിക്കുന്നതുമെല്ലാം ദൈവത്തിനുവേണ്ടിയായിരിക്കും. ഈ ഘട്ടത്തിൽ പിശാച് അവന്റെ സമീപത്തെത്താൻപോലും അശക്തനായിരിക്കും. അയാളുടെ ശയ്ത്താൻ മുസ്ലിമായിത്തീരുന്നു എന്നപോലെയാണത്. നബി(സ)തിരുമേനി സ്വയം ഇങ്ങനെ പറഞ്ഞു: 'എന്റെ ശയ്ത്വാൻ മുസ്ലിമായിരിക്കുന്നു.' ഒരു വ്യക്തി ഇത്രത്തോളം തന്റെ ഹൃദയം പരിശുദ്ധമാക്കുമ്പോൾ അയാൾ ദൈവത്തിന്റേതായിത്തീരുന്നു; ദൈവം അയാളുടേതും. അങ്ങനെയുള്ള ഒരു വ്യക്തിയെക്കുറിച്ചാണ് സർവ്വശക്തനായ ദൈവം പ്രസ്താവിക്കുന്നത്.

*യാ അയ്യത്തുഹന്നഫ്സുൽമുത്മഇന്ന, ഇർജിയീ ഇലാ റബ്ബിക്കി റാളിയത്തൻമ്മർളിയ്യ ഫദ്ഖുലീ ഫീ ഇബാദീ വദ്ഖുലീ ജന്നത്തീ*
(89:28–31)

അല്ലയോ ശാന്തിപ്രാപിച്ച ആത്മാവേ, നിന്റെ നാഥനിലേക്കു മടങ്ങുക; അവനിൽ സംതൃപ്തനായും അവൻ നിന്നിൽ സംതൃപ്തനായും. എന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസരിൽ നീ പ്രവേശിക്കുക; നീ എന്റെ സ്വർഗത്തിൽ പ്രവേശിക്കുക.

ഈ ഘട്ടത്തിൽ നമ്മൾ ഓർക്കേണ്ടതു സർവ്വശക്തനായ ദൈവം ശാന്തിപ്രാപിച്ച ആത്മാവിനോടു പറയുന്നു എന്നതാണ്. എന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസരോടുകൂടെ പ്രവേശിക്കുകയും എന്റെ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുക. എന്നാൽ, മറ്റുള്ള ജനങ്ങളും (സ്വർഗത്തിൽ പ്രവേശിക്കപ്പെടാത്തവർ) ദൈവത്തിന്റെ സൃഷ്ടിപ്പ് അല്ലേ? തീർച്ചയായും അവരും സൃഷ്ടികൾതന്നെ. എന്നിരിക്കിലും സർവ്വശക്തനായ ദൈവം ഈ സൂക്തത്തിൽ ഒരു ആലങ്കാരിക പ്രയോഗം നടത്തിയത് ഒരു യഥാർഥ ദൈവദാസൻ അങ്ങനെ വിളിക്കപ്പെടാൻ അർഹനായിത്തീരുന്നു എന്നത് വിശദീകരിക്കാനാണ്. പലരൂപത്തിലുള്ള ശിർക്കിലും മുങ്ങിയ മറ്റു മതപരമായ ബിദ്അത്തുകളിലും ഏർപ്പെട്ട തങ്ങളുടെ ആത്മാക്കൾ തിന്മ ചെയ്യുവാൻ പ്രചോദിതരായിരിക്കെ എങ്ങനെ ദൈവദാസന്മാർ എന്നു വിളിക്കപ്പെടും?

## ആരാണ് യഥാർഥ ദൈവദാസൻ?

സർവ്വശക്തനായ ദൈവത്തിന്റെ ആത്മാർഥതയുള്ള ദാസൻ ആയിത്തീരേണ്ടതു മനുഷ്യന്റെ ഉത്തരവാദിത്വമാണ്. എന്നാൽ, ഒരാൾ

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)

അമീറുൽ മുഅ്മിനീന്റെ ഉപദേശം:–

ത്വാലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 12 March 2020 Issue-11

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ദൈവത്തെ കൂടാതെ മറ്റുള്ളവയേയും ആരാധിക്കുകയും അവയിൽനിന്ന് ദൈവത്തിൽനിന്നു പ്രതീക്ഷിക്കുന്ന പ്രയോജനങ്ങളും നിഷ്പ്രയോജനങ്ങളും പ്രതീക്ഷിക്കുകയാണെങ്കിൽ അയാൾ തന്നെയെങ്ങനെയാണ് സ്വയം ദൈവദാസൻ എന്നു വിളിക്കുക? ഒരു യഥാർഥ ദൈവദാസന്റേതു ശാന്തിപ്രാപിച്ച ആത്മാവായിരിക്കും. അയാളുടെ ഹൃദയം സർവ്വശക്തനായ ദൈവത്തിന്റെ ദൈവത്വത്തെ അംഗീകരിക്കുന്നതായിരിക്കും. അയാൾ ദൈവത്തിനു പങ്കുകാരെ ചേർക്കുന്നതിൽനിന്ന് മുക്തനായിരിക്കും. അങ്ങനെയുള്ള വ്യക്തി എല്ലാ മഹനീയഗുണങ്ങളുമുള്ള സർവ്വശക്തനായ ദൈവം മനുഷ്യന് മതിയായവനാണെന്നു കരുതുന്നു. തന്റെ അർപ്പണവും ദാസത്വവും മുഖേന അങ്ങനെയുള്ള വ്യക്തി ഒരു ദൈവദാസനായിരിക്കാൻ അർഹനാണ്. അതുകൊണ്ട് ഈ ഉദാഹരണത്തിൽ അബ്ദ്- ദൈവേച്ഛയിൽ പൂർണമായും കീഴ്ഒതുങ്ങുന്നവൻ- എന്നു വിളിക്കപ്പെടാൻ ഒരു ദൈവദാസനു മാത്രമേ യോഗ്യതയുള്ളു.

## വിശുദ്ധപ്രവാചക(സ.അ)നും അബൂജഹലും:

വിശുദ്ധപ്രവാചകൻ(സ.അ)നെ സൃഷ്ടിച്ച അതേ ദൈവം തന്നെയാണ് അബൂജഹലിനേയും സൃഷ്ടിച്ചത്. എന്നിരിക്കിലും അയാളുടെ തിന്മ, പാപം, ശിർക്ക് എന്നിവ കാരണം താൻ സ്വയം ദൈവദാസനാണെന്നു കാണിച്ചില്ല. പകരം അയാൾ ബിംബങ്ങളുടെ സേവകനായിരുന്നു. അവസാനം അയാൾ അവയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചു. നേരെമറിച്ച്, വിശുദ്ധപ്രവാചകൻ(സ.അ) സ്വയം സർവ്വശക്തനായ ദൈവത്തിന് അർപ്പണം ചെയ്ത് എല്ലാതരത്തിലുള്ള ശിർക്കിൽനിന്നും രക്ഷപ്പെട്ട് തന്റെ ആരാധനയും ത്യാഗവും സർവ്വശക്തനായ അല്ലാഹുവിനു വേണ്ടി മാത്രമാണെന്ന് താൻ സ്വയം ദൈവദാസനാണെന്ന് തെളിയിക്കുകയും ചെയ്തു. അതുകൊണ്ട് അബൂജഹലിന്റെ പര്യവസാനം വിശുദ്ധപ്രവാചകൻ(സ.അ)ന്റെ പര്യവസാനവുമായി താരതമ്യപ്പെടുത്തുക. അബൂജഹൽ ബദ്ർ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ ശരീരം ഒരു കിണറ്റിലേക്ക് എറിയപ്പെട്ടു. അദ്ദേഹത്തിന്റെ അവസാനത്തെ ആഗ്രഹംപോലും- തന്റെ കഴുത്ത് ഉടൽവരെ മുറിക്കാൻ, അതുമുഖേന അത് നീണ്ടതായിതോന്നും, അത് അക്കാലത്തെ അറബികളിൽ മഹനീയതയുടെ അടയാളമായിരുന്നു-പൂർത്തീകരിക്കപ്പെട്ടില്ല. എന്നിരിക്കിലും അദ്ദേഹത്തിന്റെ കഴുത്ത് മുറിച്ച ആൾ തലയുടെ അടുത്തു വെച്ചുമുറിച്ചു. അതുമുഖേന പിശാചിന്റെ സ്നേഹിതന്മാർ ഒരിക്കലും വിജയിക്കുകയില്ല എന്നു കാണിച്ചു. നേരെമറിച്ച് വിശുദ്ധപ്രവാചകൻ(സ.അ)ന് വിജയം നല്കപ്പെട്ടു. അദ്ദേഹം സ്വർഗാവകാശിയായിത്തീർന്നുവെന്നു മാത്രമല്ല ഈ ജീവിതത്തിലും സ്വർഗാവകാശിയായിത്തീർന്നു. സർവ്വശക്തനായ അല്ലാഹു പ്രഖ്യാപിക്കുന്നതുപോലെ *വദ്ഖുലീ ജന്നത്തീ* എന്റെ സ്വർഗത്തിൽ നീ പ്രവേശിക്കുക. അതുകൊണ്ട് ആരാണോ സർവ്വശക്തനായ ദൈവത്തോടു സമഗ്രമായ ബന്ധം പുലർത്താനാഗ്രഹിക്കുന്നത് അവർ സർവ്വശക്തനായ അല്ലാഹു വെറുപ്പ് പ്രകടിപ്പിക്കുന്നതുപോലെ എല്ലാ രൂപത്തിലുള്ള ശിർക്കിൽനിന്നും വിട്ടുനിൽക്കുക.

## ശിർക്കിന്റെ രണ്ടു രൂപങ്ങൾ:

ശിർക്കിനു രണ്ട് രൂപങ്ങൾ ഉണ്ടെന്നു വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ശിർക്ക് 'ജലീ' (പ്രകടമായ ശിർക്ക്) ശിർക്ക് 'ഖഫീ' (മറഞ്ഞതായ ശിർക്ക്). ശിർക്ക് ജലീ അഥവാ പ്രകടമായ ശിർക്ക്, ഉദാഹരണത്തിന് ബിംബാരാധന, ഖബ്ർ ആരാധന, സൂര്യൻ, ചന്ദ്രൻ ആദിയായവയെ ആരാധിക്കൽ. ഈ രൂപത്തിലുള്ള ശിർക്ക് ചെയ്യുന്നവർ തുറന്നു സമ്മതിക്കുകയും അതു നല്ലൊരു കാര്യമാണെന്നു കരുതുകയും ചെയ്യുന്നു. ഈ രീതിയിലുള്ള ശിർക്ക് എളുപ്പത്തിൽ നീക്കാൻ സാധിക്കും.

## ശിർക്ക് ഖഫീയുടെ യാഥാർഥ്യം:

ശിർക്ക് 'ഖഫീ' അഥവാ ഗുപ്തമായ ശിർക്കാണെന്നിരിക്കിലും അപകടകാരിയാണ്, മനുഷ്യന്റെ ശത്രുവുമാണ്. ഈ ശിർക്ക് ചെയ്യുന്ന ആൾ സർവ്വശക്തനായ അല്ലാഹു ഏകനാണെന്നു കരുതുന്നു. എന്നാലും എല്ലാ സമയത്തും അയാൾ ബിംബാരാധകനാണ്. അങ്ങനെയുള്ള ആൾ ബിംബാരധനയും മറ്റു കാര്യങ്ങളും തിന്മയാണെന്നു കരുതുന്നുവെങ്കിലും ഏതു സമയത്തും ബിംബാരാധനയിൽ മുഴുകിയിരിക്കുന്നു. കഠിനമായ രോഗത്തിന്റെ പിടിയിലാണെങ്കിലും എല്ലാവിധ ചികിത്സയും അയാൾ ഒഴിവാക്കുന്നു. ഡോക്ടർ അയാൾക്ക് മരുന്നു നൽകുന്നു. പക്ഷേ, രോഗി ഡോക്ടറെ പരിഹസിക്കുന്നു, താൻ പരിപൂർണ ആരോഗ്യവാനാണെന്നയാൾ കരുതുന്നു. നിർഭാഗ്യവശാൽ അയാൾക്ക് അഗാധമായ ഉൾക്കാഴ്ച നൽകപ്പെട്ടിരുന്നുവെങ്കിൽ താൻ ഡോക്ടറെ പരിഹസിക്കുന്നതിനു പകരം തന്റെ രോഗം കാരണം കരയുകയായിരുന്നു വേണ്ടിയിരുന്നത്. അപ്രകാരം ഈ വിധത്തിലുള്ള ശിർക്കിൽനിന്നു സുരക്ഷ നേടാൻ ദൈവത്തിൽ പരിപൂർണ ഭരമേല്പിക്കുകയായിരുന്നു വേണ്ടിയിരുന്നത്. വളരെയധികം വിനയത്തോടും ഉള്ളുരുക്കത്തോടുകൂടിയും പ്രാർഥിക്കണം; എന്റെ നാഥാ! ഈ മാരകമായ രോഗത്തിൽനിന്ന് എന്നെ രക്ഷിക്കേണമേ.

ഇവ്വിധമുള്ള ശിർക്ക് പലരൂപവും കൈക്കൊള്ളുന്നുണ്ട്. ഉദാഹരണമായി തന്റെ മുതലാളിയെ ഭയക്കുന്ന ഒരാൾ നമസ്കാരം ഉപേക്ഷിക്കുന്നു. അല്ലെങ്കിൽ തന്റെ മുതലാളി തന്നെ ജോലിയിൽനിന്നു പിരിച്ചുവിട്ടാൽ തനിക്ക് വരുമാനമുണ്ടാവില്ല. അല്ലെങ്കിൽ ജീവിതവിഭവമുണ്ടാവില്ല. അല്ലെങ്കിൽ ഇന്നയിന്ന വ്യക്തി തന്നെ സഹായിച്ചില്ലെങ്കിൽ തന്റെ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. അങ്ങനെയുള്ള ആളുകളെല്ലാം ശിർക്കിനു കുറ്റക്കാരാണ്. ഉദാഹരണമായി തന്റെ സ്നേഹിതനെ തൃപ്തിപ്പെടുത്താൻ ഒരു വ്യക്തി ശരീഅത്തിനെ(ഇസ്ലാമിക നിയമം)തിരായി എന്തെങ്കിലും ചെയ്യുന്നു. അങ്ങനെയുള്ള വ്യക്തി പൂർണമായി കണക്കിലെടുക്കുന്നില്ല, താൻ യഥാർഥത്തിൽ തൃപ്തിപ്പെടുത്തേണ്ടത് സർവ്വശക്തനായ ദൈവത്തെ പ്രീ തിപ്പെടുത്തുകയാണ് വേണ്ടതെന്ന്. അതിനെതിരിൽ തന്റെ സ്നേഹിതനെ പ്രീതിപ്പെടുത്താൻ സാധിക്കാത്തതിൽ വിഷമിക്കുന്നു. ആ പ്രക്രിയയിൽ അയാൾ ശിർക്ക് ചെയ്യുന്നു. ചിലപ്പോൾ അയാൾ തന്റെ സമ്പത്തിനെ ആശ്രയിക്കുന്നു. അല്ലെങ്കിൽ മക്കളെ സ്നേഹിക്കുന്നു. ഏതുപരിധിവരെയെന്നാൽ അത് ശിർക്കിന്റെ നിർവചനത്തിൽ വരുന്നു. അപ്രകാരം ഒരാൾ ഈ രൂപങ്ങളിലുള്ള ശിർക്കിൽനിന്ന് മാറിനില്ക്കണം.

(തുടരും)

(പേജ് 9ൽനിന്ന്)

നേപ്പാളിൽ 11 വർഷം കഴിച്ചു കൂട്ടിയിരുന്നു. ഹുദൂറിനെ കാണാനുള്ള അദമ്യമായ ആഗ്രഹം എല്ലാ അഹ്മദികളുടേയും മനസ്സിലുണ്ട്. അല്ലാഹുവിന് ലക്ഷോപലക്ഷം നന്ദി. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹം പൂർത്തിയായി.'

സഫീർ അഹ്മദ് ബാജ്വ സാഹിബ് പറയുന്നു: 'ഞങ്ങൾ കൂടിക്കാഴ്ചയ്ക്കായി ഓഫീസിലേക്ക് കയറിയതും ഹുദൂറിന്റെ മുഖത്ത് ദൃഷ്ടി പതിഞ്ഞതും മുഖം പ്രകാശത്താൽ തിളങ്ങുന്നതും കാണാൻ തുടങ്ങി. ഹുദൂർ എനിക്ക് ഹസ്തദാനം ചെയ്തപ്പോൾ ആ സാഹചര്യത്തെ മുതലെടുത്തുകൊണ്ട് മൂന്ന് പ്രാവശ്യം ഹുദൂറിന്റെ കൈയിൽ മുത്താനുള്ള ഭാഗ്യവും എനിക്കു കിട്ടി.'

ഹേർസ്ബെർഗിൽനിന്ന് വന്ന സഫ്റുല്ലാഹ് ഖാൻ സാഹിബ് പറയുന്നു: 'ഏതാനും നിമിഷങ്ങളിൽ പരിമിതമായിരുന്നു കൂടിക്കാഴ്ചയെങ്കിലും എന്നത്തേക്കുമായി ഇതൊരു ഓർമയായി. ഇതിനിടയിൽ ഹുദൂർ എനിക്ക് ഒരു ഉപദേശവും നല്കി: 'എന്റെ ജോലിയെ സംബന്ധിച്ച് ഞാൻ ഹുദൂറിനോട് പറഞ്ഞപ്പോൾ സത്യസന്ധതയോടും ആത്മാർഥതയോടുംകൂടി ജോലി ചെയ്യാൻ ഹുദൂർ പറഞ്ഞു.'

മുനവ്വർ അഹ്മദ് സാഹിബ് പറയുന്നു: 'ഇന്ന് അല്ലാഹു നമ്മുടെ ആഗ്രഹം പൂർത്തിയാക്കി. എന്നോടും കുടുംബത്തോടും സ്ഥിരമായി ദുആ ചെയ്യണമെന്ന് ഹുദൂർ പറഞ്ഞു. നിങ്ങൾക്ക് മറുപടി കിട്ടിയില്ലെങ്കിലും തുടർച്ചയായി കത്തയച്ചുകൊണ്ടിരിക്കുക. ഇപ്രകാരം നിങ്ങളുടെ ഉത്തരവാദിത്വം കഴിഞ്ഞു. എന്റെ ഉത്തരവാദിത്വം ആരംഭിക്കുകയും ചെയ്തു.' 2.15 വരെ കൂടിക്കാഴ്ച നീണ്ടു നിന്നു. ബയ്ത്തുർറഹ്മാൻ മസ്ജിദിൽ ളുഹ്ർ അസ്ർ നമസ്കാരം ജംആക്കി നമസ്കരിച്ചു. തുടർന്ന് വിശ്രമ സ്ഥലത്തേക്ക് മടങ്ങി.

## അമേരിക്കൻ മുബല്ലിഗുമാരുടെ കൂടിക്കാഴ്ച

6 മണിക്ക് ഹുദൂർ മീറ്റിംഗ് റൂമിലെത്തി. 29 മുബല്ലിഗുമാർ ഹുദൂറുമായി കൂടിക്കാഴ്ചനടത്തി. ആദ്യം ഹുദൂർ ദുആ ചെയ്തു. മുബല്ലിഗുമാരുടെ മീറ്റിംഗ് എല്ലാ മാസവും നടക്കാറുണ്ടോ? ഹുദൂർ ചോദിച്ചു.

ഇൻചാർജ് സാഹിബ്: 'എല്ലാ മാസവും നടക്കാറില്ല. രണ്ടു മാസം കൂടുമ്പോൾ നടക്കുന്നുണ്ട്.

**ഹുദൂർ:** 'രണ്ടുമാസം എന്നല്ല എല്ലാ മാസവും എന്നാണല്ലോ ഞാൻ പറഞ്ഞിരുന്നത്. എല്ലാ മാസവും യോഗം ചേരേണ്ടതാണ്. ഇരുന്നൂറ് മുന്നൂറ് മൈൽ അടുത്തുള്ളവർ അതിൽ പങ്കെടുക്കുക. അവരെ ക്ഷണിക്കുക. ദൂരെയുള്ളവർ ടെലി കോൺഫ്രൻസ് വഴി അതിൽ പങ്കെടുക്കുക. യോഗങ്ങൾ പലസ്ഥലങ്ങളിലും വെക്കുക. ഇപ്രകാരം എല്ലാ പ്രദേശത്തുള്ളവർക്കും മീറ്റിംഗിൽ പങ്കെടുക്കാൻ കഴിയും. അവിടന്ന് ദൂരെയുള്ളവരോടു കോൺഫ്രൻസ് കാൾവഴിയും പങ്കെടുക്കാൻ പറഞ്ഞു.' **(തുടരും)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin